Registered No. M-4485 Madras War Review, Malayalam—7-4-1944

# യുദ്ധസഞ്ചിക

വോള്യം III] മദിരാശി: 1944 ഏപ്രിൽ 7-ാംനു, വെള്ളിയാഴ്ച [ലക്കം 31



## ജാപ്പാനെ നശിപ്പിക്കുന്നതുവരെ സമാധാനമേ ഇല്ല

ജർമ്മൻകാരെ തോല്പിച്ചുകഴിഞ്ഞാൽ, ബ്രിട്ടന്റെ സകലശക്തികളും ജാപ്പാന്റെ നേർക്കു വിനിയോഗിക്കുന്നതായിരിക്കും. ജർമ്മനിയുമായുള്ള യുദ്ധത്തിന്റെ അവസാനദിവസമെത്തിക്കഴിഞ്ഞാൽ നമ്മുടെ പരിശ്രമം പകുതി ഫലപ്രദമായെന്നു കരുതാം. നമ്മുടെ മറ്റേ ക്രൂരശത്രുവിനെക്കൂടി നിശ്ശേഷം നശിപ്പിച്ചുകഴിയുന്നതുവരെ നമുക്കു് ലേശമെങ്കിലും വിശ്രമമോ സമാധാനമോ ഉണ്ടാവാൻ നിവൃത്തിയില്ല.

—ബ്രിട്ടീഷ് സൈന്യത്തിലെ ഫീൽഡ് മാർഷൽ സർ ജോൺ ഡിൽ, ഏപ്രിൽ 3-ാം തിയ്യതി വാഷിങ്ടനിൽനിന്നു്

## ഉള്ളടക്കം


| | ഭാഗം | | ഭാഗം |
|---|---|---|---|
| ജപ്പാനെ നശിപ്പിക്കുന്നതുവരെ സമാധാനമേ ഇല്ല. | 1 | വള്ളിയൂർക്കാവ് സമരനിര ക്യാമ്പ് .. .. | 7 |
| വർത്തമാനച്ചുരുക്കം .. .. .. | 2 | മാനവസമുദായോന്മ ലനം .. .. | 8 |
| ആഴ്ചക്കുറിപ്പുകൾ .. .. .. | 3, 4 | മുങ്ങാത്ത വിമാനവാഹി. . .. .. | 9 |
| പ്രത്യേക ലേഖനം : ജനറൽ വിൻഗേയിററ് .. .. | 5, 6 | ചിത്രങ്ങൾ .. .. .. .. | 10 |
| | | പാലാട്ടു കോമൻ .. .. .. | 11, 12 |


# വർത്തമാനച്ചുരുക്കം

യുദ്ധകാര്യഫണ്ടിലേക്കു ബഹുമാനപ്പെട്ട വൈസറോയി അവർകൾ ഒന്നര ലക്ഷം ഉറുപ്പിക കൂടി പട്ടാള ഉദ്യോഗസ്ഥന്മാരുടെ സൌകര്യാദികൾക്കു വിനിയോഗിക്കാനായി സംഭാവന ചെയ്തിരിക്കുന്നു.

* * *

സാഹിദാനിലെ (Zahidan) ബ്രിട്ടീഷ് ഇന്ത്യൻ സമുദായം ബഹു. വൈസറോയിയുടെ യുദ്ധകാര്യ ഫണ്ടിലേക്ക് യുദ്ധത്തടവുകാർക്കു സൌകര്യങ്ങൾ പ്രദാനം ചെയ്യുന്നതിന്നായി 3,053 ഉറുപ്പിക കൂടി കൊടുത്തിരിക്കുന്നു.

ചുങ്കിങ്ങിലെ ഇന്ത്യൻ ക്ഷാമനിവാരണ ഫണ്ട്, ബഹുമാനപ്പെട്ട വൈസറോയിയുടെ ദുരിതനിവാരണ ഫണ്ടിലേക്കു, തിരുവിതാംകൂറിലും കൊച്ചിയിലും പാൽ വാങ്ങി വിതരണം ചെയ്യുന്നതിന്നായി 20,000 ഉറുപ്പിക സംഭാവന ചെയ്തിരിക്കുന്നു. ഇതിൻെറ ചെലവു റെഡ് ക്രോസ് സംഘക്കാരായിരിക്കും നിശ്ചയിക്കുക.

* * *

ലണ്ടനിൽ പണിയാനാരംഭിച്ചിരിക്കുന്ന മുഹമ്മദീയ ദേവാലയത്തിന്ന് യുദ്ധകാല പരിതസ്ഥിതികളാൽ 50,000 പവൻ ചെലവാകുമെന്നു കണക്കാക്കിയിരിക്കുന്നു. ദേവാലയം പണിയുന്നതിന്നുള്ള 1,000,000, പവൻ വില പിടിക്കുന്ന സ്ഥലം ബ്രിട്ടീഷു ഗവൎമ്മെണ്ട് സൌജന്യമായി കൊടുത്തതാണ്.

* * *

സാഹിദാനിലെ ഇന്ത്യൻ കച്ചവടക്കാർ, ബഹുമാനപ്പെട്ട വൈസറോയിയുടെ യുദ്ധകാര്യഫണ്ടിലേക്കു, സഖ്യശക്തികളുടെ യുദ്ധത്തടവുകാരുടെ സൌകര്യാദികൾക്കായി വീണ്ടും 3,220 ഉറുപ്പിക കൂടി കൊടുത്തിരിക്കുന്നു. ബഹുമാനപ്പെട്ട വൈസറോയി അവർകൾ സമുചിതമായി തൻെറ അഭിനന്ദനവും കൃതജ്ഞതയും സൂചിപ്പിക്കുകയും ചെയ്തു.

## ഐ. എ. എഫ്. ബൎമ്മ വകുപ്പുകൾ സൈന്യത്തിൻെറ കണ്ണുകളാണ്.

ബൎമ്മാ അതിൎത്തികളിൽ യുദ്ധം ചെയ്യുന്ന ഇന്ത്യൻ വൈമാനിക നേതാക്കന്മാരെ കുറിച്ച് ഏതാനും മാസങ്ങളായി പലപ്പോഴും "സൈന്യത്തിൻെറ കണ്ണുകളാണ്" എന്നു പറയപ്പെട്ടിട്ടുണ്ട്.

ബൎമ്മ അതിൎത്തി പ്രദേശങ്ങളിലെ ഐ. എ. എഫ്. പബ്ലിക്ക് റിലേഷൻസ് ആപ്പീസ്സർ പറയുന്നു : "പരിശോധന സംഘത്തിലെ ഒരു വൈമാനിക മേധാവിയായ രാമുണ്ണി (മദിരാശി) യോടു ഈ പദങ്ങളുടെ ശരിയായ അൎത്ഥമെന്തെന്നു ഞാൻ ചോദിച്ചു.

"ദിവസവും രാവിലെ പട്ടാളകേന്ദ്രസ്ഥലത്തുനിന്നു സൈന്യ വിഭാഗത്തിൻെറ ലിയെഫ്റ്റനൻ ആപ്പീസ്സർക്കു, പട്ടാള മേലുദ്യോഗസ്ഥന് പകൽ കാണേണ്ടതെന്തെന്നുള്ളതിനെപ്പററി ഒരു അറിയിപ്പുവരുന്നു." എന്നു രാമുണ്ണി മറുപടി പറഞ്ഞു. "അതു ചിലപ്പോൾ നമ്മുടെ മുന്നണിയിൽനിന്ന് ഏതാനും വാര അകലത്തായി ശത്രുക്കൾ കാട്ടുന്ന വികൃതികളായിരിക്കാം, അല്ലെങ്കിൽ വളരെയകലെയുള്ള വനാന്തരംഗങ്ങളിലൊ നദീതീരങ്ങളിലൊ ഉള്ള അവരുടെ പെരുമാററങ്ങളായിരിക്കാം."

"തലേ ദിവസം നടന്ന യുദ്ധത്തിൽ നമ്മുടെ ബോംബറുകൾ വരുത്തിക്കൂട്ടിയ നാശത്തെ പരിഗണിക്കാനോ, ഒളിച്ചു നില്ക്കാവുന്ന സ്ഥാനങ്ങളോ, ലക്ഷ്യങ്ങളോ കണ്ടുപിടിക്കാനോ വൈമാനികന്മാരോടു ആവശ്യപ്പെട്ടേക്കാം. നമ്മുടെ ആകാശത്തോണികൾ (Aircraft) ഉൽ ഛായാഗ്രാഹിയന്ത്രം (ക്യാമറാ) വെച്ചു ഘടിപ്പിച്ചിട്ടുള്ളതിനാൽ, ഫോട്ടോ ഗ്രാഫി (പടമെടുക്കൽ) പഠിച്ചിട്ടുള്ളവർക്കു തങ്ങൾ ദൂരത്തുകാണുന്നവയെ പരിശോധിച്ചറിയാം."

"ഞങ്ങളുടെ പ്രവൃത്തികാണാൻ രസമുള്ള ഒന്നല്ല. ശത്രുക്കളെ വെടിവെച്ചു താഴത്തിടുകയല്ല ഞങ്ങളിൽനിന്നു പ്രതീക്ഷിക്കുന്നതു്. വൃക്ഷങ്ങളുടെ അഗ്രങ്ങളെ ഉരസിയൊ, മലകളുടെ ഇടകൂടിയോ, വളരെ ഉയരത്തിലല്ലാതെയാണ് ഞങ്ങൾ പറക്കുന്നതു്. ഇതു് വളരെ ക്ഷമയും, ദൃഢതയും, ധൈൎയ്യവും വേണ്ട ഒരു പ്രവൃത്തിയാണ്."




## എസ്. എസ്. എസ്.

ചില്ലറ സൂക്ഷിപ്പു പദ്ധതി

വ്യവസായം മന്ദിക്കുകയും, വില താഴുകയും ചെയ്താൽ, നിങ്ങൾക്കു രോഗം പിടിപെടുകയോ, നിങ്ങളുടെ പ്രവൃത്തി പോകുകയൊ ചെയ്യുന്നു. നിങ്ങളുടെ ഭാവിയെ സുരക്ഷിതമാക്കുക.

ദേശീയ സമ്പാദ്യപത്രങ്ങൾ വാങ്ങുക.

# ആഴ്ചക്കുറിപ്പുകൾ

മേജർ ജനറൽ വിൻഗെയിററിന്റെ അപ്രതീക്ഷിതമായ മരണം ബർമ്മാരംഗത്തിലും ഇന്ത്യയിൽ ഒട്ടാകെയും അതിയായ വ്യസനവും നിരാശയും ജനിപ്പിച്ചിരിക്കുന്നു. വിമാനത്തിൽ ബർമ്മ-ഇന്ത്യാ അതൃത്തിയിലേക്ക് പരിശോധനക്ക് പോകുമ്പോഴാണ് ഈ അത്യാഹിതം സംഭവിച്ചതു്. വിമാനത്തിന്നു് പററിയ അപകടം എന്താണെന്നു ഇനിയും വ്യക്തമായിട്ടില്ല. മാർച്ച് 24-ാം തിയ്യതിയാണു് വിമാനം പൊളിഞ്ഞതു്.

ജാപ്പാൻ യുദ്ധനിരയുടെ പിൻഭാഗത്തുള്ള പ്രവർത്തനത്തിന്റെ നേതൃത്വമാണു് വിൻഗെയിററിന്നുണ്ടായിരുന്നതു്. കാട്ടുയുദ്ധത്തിലും 'ഗറില്ല' സമ്പ്രദായമെന്നു് സുപ്രസിദ്ധമായ സമരരീതിയിലും വിൻഗെയിററ് അദ്വിതീയനായിരുന്നു. യുദ്ധകാലത്തു, അതായതു, തങ്ങളുടെ വൈദഗ്ദ്ധ്യം കാണിക്കുവാൻ അവസരം കിട്ടുമ്പോൾ, പെട്ടെന്നു നായകപദവിയിലേക്കു് ഉയർന്നുവരുന്ന ദുർല്ലഭം ചില വീരന്മാരിലൊരാളാണു് വിൻഗെയിററ്. പഴയ രീതിയെ ഉപേക്ഷിക്കുവാനുള്ള ധൈര്യവും, ആപത്തിനെ നേരിടാനുള്ള കരുത്തും അയാളെ ജന്മനാതന്നെ നായകത്വത്തിന്നു അർഹനാക്കിട്ടുണ്ടു്.

പലതവണയായി, പാലസ്തയിനിലെ യഹൂദന്മാർ, അബ്സീനിയക്കാർ, ലാങ്കാഷയറിലെ ഇംഗ്ലീഷുകാർ, സ്കോച്ചുകാർ, ഇന്ത്യക്കാർ, ഗൂർഖകൾ എന്നിങ്ങനെ, തമ്മിൽ യോജിക്കുവാൻ പ്രയാസമായവരെ അദ്ദേഹം നയിച്ചിട്ടുണ്ടു്.

ഏതാനും മാസങ്ങൾ അദ്ദേഹം ഒരു പിശാച് സൈന്യത്തെ നയിച്ചുകൊണ്ടു് ബർമ്മയിലെ കാടുകളിൽ ഒളിച്ചിരുന്നു. പാലം പൊളിക്കുക, വെടിമരുന്നു സ്ഥലങ്ങൾ കൊള്ളിവെക്കുക എന്നീ ഉപദ്രവങ്ങൾകൊണ്ടു് ജാപ്പാൻകാരെ പലതരത്തിലും നട്ടംതിരിച്ച കഥ ഇപ്പോഴാണു് കുറേശ്ശയായി പുറത്തുവരുന്നതു്. രണ്ടാഴ്ചമുമ്പു നമ്മുടെ പാരച്യൂട്ടുകൾ ജാപ്പാൻസേനയുടെ പിന്നിലായി ഇറങ്ങി അണിനിരക്കുന്നുണ്ടെന്നുള്ള വർത്തമാനം കേട്ടപ്പോൾ, ആ പ്രയോഗത്തിന്റെ നേതാവു് വിൻഗേററാണെന്നു വിദഗ്ദ്ധന്മാരൂഹിച്ചിരുന്നു.

ഇന്ത്യാസൈന്യവകുപ്പിൽ 32 കൊല്ലം പ്രശസ്തമായി സേവനം നടത്തിയ കർണ്ണൽ വിൻ ജോർജ്ജ് ഗെയിററിന്റെ മകനായി അദ്ദേഹം 1903 ഫിബ്രുവരിയിൽ ജനിച്ചു. റോയൽ ആർട്ടിലറിയിൽ ഒരു സെക്കണ്ടു് ലഫ്ടനന്റായി 1923ൽ ചേർന്നു. 1940ൽ മേജർ എന്ന സ്ഥാനം അദ്ദേഹം കയ്യിലാക്കി.

ജനറൽ വിൻഗെയിററ് സുപ്രസിദ്ധനായതു് 19 3-33 എന്നീ കൊല്ലങ്ങളിലാണു്. അബിസ്സീനിയാ യുദ്ധത്തിൽ, തദ്ദേശിയരെ സഹായിക്കാനായി അദ്ദേഹം ഗറില്ലാ സംഘങ്ങൾ ഏർപ്പെടുത്തി, ഇററലിക്കാരെ ഓടിക്കാനുള്ള ശ്രമങ്ങൾ നിരന്തരം ചെയ്തുകൊണ്ടിരുന്നു. സുഡാൻ രക്ഷാസൈന്യത്തിന്റെ നേതൃത്വവും അന്നു് ആ വീരകേസരി വഹിച്ചിരുന്നു. അതിന്നു മുമ്പു പാലസ്റ്റൈനിൽ വിപ്ലവ കക്ഷികളെ അമർക്കാനും അദ്ദേഹത്തിന്റെ സാമർത്ഥ്യം ഉപയോഗപ്പെടുത്തീട്ടുണ്ടു്. അദ്ദേഹത്തിന്റെ സേവനത്തിന്നു് അന്നു് ചില കീർത്തിമുദ്രകളും ബ്രിട്ടീഷ് ഗവർമ്മേണ്ടു സമ്മാനിക്കയുണ്ടായി.

വിൻഗെയിററ് വെറും ഒരു ഭടൻ മാത്രമായിരുന്നില്ല. ക്രിസ്തുമതത്തിൽ നല്ല വിശ്വാസമുള്ളവനും, അവരുടെ വേദപുസ്തകം എപ്പോഴും, യുദ്ധരംഗത്തിലും, കൈവശം വെച്ചുകൊണ്ടിരുന്നവനും ആയിരുന്നു. തന്റെ അനുയായികൾക്കുള്ള സന്ദേശങ്ങളിൽ ബൈബിളിൽനിന്നു് ഉദ്ധാരണങ്ങൾ കാണുന്നതു അപൂർവ്വമല്ല. ജാപ്പാൻ യുദ്ധനേതാക്കന്മാരെപ്പററി വിൻഗെയിററിന്നു വലിയ ബഹുമാനമുണ്ടായിരുന്നില്ല. എന്നാൽ ജാപ്പാൻ ഭടന്മാരെപ്പററിയുള്ള അഭിപ്രായം തീരെ വിപരീതമായിരുന്നു, അവരുടെ സാമർത്ഥ്യം പരിശീലനത്തിന്റെ ഫലമായിരുന്നുവെന്നും അതുപോലെ മററുള്ളവർക്കും നല്ല ഭടന്മാരായിത്തീരുവാൻ സാധിക്കുമെന്നുമായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസം.

കഴിഞ്ഞകൊല്ലം ബർമ്മയിലെ ഒരു യുദ്ധലേഖകൻ വിൻഗെയിററിനെപ്പററി ഇങ്ങിനെ രേഖപ്പെടുത്തിട്ടുണ്ടു്: "യുദ്ധമാണു് വിൻഗെയിററിന്റെ തൊഴിലെങ്കിലും പല വിഷയങ്ങളിലും അദ്ദേഹത്തിന്നു് അഭിനിവേശമുണ്ടു്. സംസാരിക്കുവാൻ തുടങ്ങിയാൽ വേദാന്തം, സാഹിത്യം, കല, സംഗീതം, ഭരണതന്ത്രം, ധനശാസ്ത്രം എന്ന വിഷയങ്ങളിലേതും അതിലുൾപ്പെടും. ബർമ്മയിൽ അദ്ദേഹത്തിന്റെ കാമ്പിൽ ഒരു ദിവസം 18-ാം നൂററാണ്ടിലെ ചിത്രമെഴുത്തു കലയെപ്പററി പ്രസംഗിക്കുന്നതും, പ്രസംഗമദ്ധ്യേ ഗ്രീക്കു സാഹിത്യത്തിൽനിന്നു് പല ഭാഗങ്ങൾ ഉദ്ധരിക്കുന്നതും ഞാൻ കേൾക്കുകയുണ്ടായി. പിറേറ ദിവസം രാവിലെ ചിൻഡ്വിനിലേക്കു വിൻഗെയിററ് സൈന്യത്തെ നയിക്കുകയും ശത്രുരാജ്യത്തിന്റെ മദ്ധ്യത്തിലെത്തി ഘോരയുദ്ധം ചെയ്യുകയുമുണ്ടായി."

ബൎമ്മക്കാർ അദ്ദേഹത്തെ ഒരീശ്വരനെപ്പോലെ ആരാധിച്ചിരുന്നു. “പഗോഡകളുടെ രക്ഷാപ്രഭു” വെന്നായിരുന്നു അദ്ദേഹത്തിന്നു് അവർ കൊടുത്ത സ്ഥാനപ്പേർ.

## റഷ്യ

റഷ്യയുടെ വിജയം തുടൎന്നുകൊണ്ടിരിക്കുന്നു. റുമേനിയ, ഹംഗേറിയ എന്നീ ചെറിയ രാജ്യങ്ങളിലേക്കു ഒഴിഞ്ഞുമാറിയാൽ രക്ഷപ്പെടാമെന്നു വിചാരിച്ചിരുന്ന ജൎമ്മൻ സേനക്കു് സ്വൈരം കൊടുക്കാൻ റഷ്യ തയ്യാറില്ലെന്നുള്ളതിലേക്കു് ലക്ഷണങ്ങളുണ്ടു്. ഓടുന്ന ശത്രുവിനെ പിന്തുടൎന്നു് റഷ്യ റുമേനിയായിലേക്കു് കടന്നിരിക്കുന്നു. അവിടെ അഭയം പ്രാപിച്ച ശത്രുക്കൾക്കു വിശ്രമം കൊടുത്താൽ വീണ്ടും ആപത്തിന്നിടയാകുമെന്നു റഷ്യക്കറിയാം.

‘മന്ത്രം കൊണ്ടീക്ഷൽ തളൎന്നു നിന്നീടുന്ന
പന്നഗവീരൻ തൻ കോപം ”

തളൎച്ച തീൎന്നാൽ പൂൎവ്വാധികം ശക്തിയോടുകൂടി പ്രവൎത്തിക്കാതിരിക്കയില്ലല്ലോ. അതുകൊണ്ടു് ഒന്നുകിൽ പാമ്പു് ചാവണം, അല്ലെങ്കിൽ വടി ഒടിയണം, എന്നാണു് റഷ്യയുടെ നയം. റുമേനിയക്കാരോടു് യുദ്ധസ്ഥിതികൊണ്ടു മാത്രം അവരുടെ രാജ്യത്തു പ്രവേശിച്ചതാണെന്നും, അവരുടെ സ്വാതന്ത്ര്യത്തിന്നു ഭംഗം വരുത്തേണമെന്നുദ്ദേശമില്ലെന്നും റഷ്യൻ ഗവൎമ്മേണ്ടു് അറിയിച്ചിട്ടുമുണ്ടു്.

## ഇററലി

കാസ്സിനോ രംഗം തല്ക്കാലം ശാന്തമായിരിക്കയാണു്. ഇരുകക്ഷികളും ബലാബലപരീക്ഷക്കു് തക്കതായ അവസരം കാത്തിരിക്കുകയാകുന്നു. ഈ പ്രതിബന്ധം തട്ടിനീക്കിയതിന്നുശേഷമേ, ഇററാലിയൻ രംഗത്തിൽ ഐക്യകക്ഷികൾക്കു് പുരോഗതിയുണ്ടാവുകയുള്ളു.

## ബൎമ്മ

ബൎമ്മയിലെ സ്ഥിതി തല്ക്കാലം ഇച്ഛാഭംഗമുണ്ടാക്കീട്ടുണ്ടെങ്കിലും കാൎയ്യമായ നേട്ടം ശത്രുവിന്നുണ്ടായിട്ടുണ്ടെന്നു പറഞ്ഞുകൂടാ. കാട്ടിൽ അങ്ങോട്ടുമിങ്ങോട്ടും ഒളിച്ചുകളിയാണു് ഇപ്പോഴും നടക്കുന്നതു്. ബൎമ്മയുടെ മദ്ധ്യത്തിൽ പാരച്യൂട്ടിൽ കൂടിയും, കപ്പൽവഴിക്കു കടൽത്തീരത്തും, ഐക്യസൈന്യമെത്തിയപ്പോൾ, ജാപ്പാൻ സൈന്യത്തിന്റെ പിൻഭാഗം സുരക്ഷിതമല്ലെന്നുവന്നു. ശത്രുക്കളുടെ ലക്ഷ്യം തെററിക്കണമെന്നു് ഉടനെ തോന്നുകയാലാണു് കാട്ടിൽകൂടെ മണിപ്പൂരിലേക്കു് ജാപ്പാൻ സേന കടന്നതു്. അപ്പോൾ ബ്രിട്ടീഷ് സൈന്യത്തിന്നു് അങ്ങോട്ടു തിരിയാതെ തരമില്ലല്ലോ. ഈ പ്രയോഗം തല്ക്കാലം ഗുണകരമാണെന്നു തോന്നുന്നുണ്ടെങ്കിലും, കാടു വിട്ടാൽ കള്ളി പൊള്ളയാണെന്നു തീൎച്ചയാകുന്നതാണു്. ഈ ഘട്ടത്തിൽ ജനറൽ വിൻഗെയിററിനെപ്പോലെയുള്ള ഒരു വിദഗ്ദ്ധന്റെ അകാലനിൎയ്യാണം നമുക്കു അവിചാരിതമായ ഒരു ആപത്താണു്.

## ആളുകളുടെ മുഖം പ്രസന്നമായി

ഒരു ഇന്ത്യൻ സൈന്യ വകുപ്പിലെ ക്യാപ്റ്റൻ, മദിരാശിയിലെ യുദ്ധ-ധൎമ്മ സംയുക്തസംഘം (Joint War Charities Committee) ആണററി സെക്രട്ടറിക്കു അയച്ചുകൊടുത്ത കത്താണു് :—

ഈ കമ്പനിയിലേക്കു ഗ്രാമഫോൺ റെക്കാൎഡുകളും, പുസ്തകങ്ങളും അയച്ചുതന്നതിന്നു് ഞാൻ നിങ്ങളോടു നന്ദിപറഞ്ഞുകൊള്ളട്ടെ. അവ ഞങ്ങളുടെ അടുക്കൽ എത്തിച്ചേരുന്നതിന്നു വളരെക്കാലം പിടിച്ചു എങ്കിലും, അവ ഞങ്ങൾക്കു അയച്ചതിന്നുശേഷം, ഞങ്ങൾ എത്രയോ മൈൽ പുരോഗമിച്ചു ; അനവധി നായാട്ടുകൾക്കു ശേഷം ഇന്നിതാ ഒരിടത്തു സ്ഥാനമുറപ്പിക്കുന്നതിന്നും, ഈ ഗ്രാമഫോണുകളെ സ്ഥാപിക്കുന്നതിന്നും, ഞങ്ങൾക്കു സാധിച്ചു. ഇപ്പോൾ ദിവസവും വൈകുന്നേരം ഞങ്ങൾക്കു പാട്ടു കേൾക്കാൻ സാധിക്കുന്നു.

ഞാൻ ആദ്യം വെച്ചതു ഒരു തമിഴ് റെക്കാൎഡായിരുന്നു. ഉടനെ ആളുകളുടെ മുഖം പ്രസന്നമായി. അതു കാണാൻ വളരെ സുഖമായിരുന്നു !

അവർ തങ്ങളുടെ കൃതജ്ഞതയെ നിങ്ങളെ അറിയിക്കുവാൻ എന്നോടു ആവശ്യപ്പെടുന്നു. ഞാൻ നിങ്ങളുടെ ഈ മഹോദ്യമത്തിന്നു് സകല ഭാവുകങ്ങളും ആശംസിച്ചുകൊള്ളുന്നു. നിങ്ങളുടെ കമ്മിററിയെ അതറിയിക്കുകയും, നിങ്ങളും അതു സ്വീകരിക്കണമെന്നപേക്ഷിക്കുകയും, നിങ്ങളെല്ലാവൎക്കും മംഗളമാശംസിക്കുകയും, ഒരിക്കൽ കൂടി നന്ദി പറഞ്ഞുകൊള്ളുകയും ചെയ്യുന്നു.

# യുദ്ധസഞ്ചിക

## ആഴ്ചപ്പതിപ്പ്

1944 ഏപ്രിൽ 7-ാംനു-, വെള്ളിയാഴ്ച



## ജനറൽ വിൻഗേററ്

ബർമ്മായുദ്ധത്തിൽ പെട്ടെന്നു് ഉദിച്ചുയർന്ന ഒരു ജ്യോതിസ്സാണു് മേജർ ജനറൽ വിൻഗേററ്. കാലം തക്കതായ നേതാവിനെ സൃഷ്ടിക്കുമെന്ന മഹാവചനം ലോകചരിത്രത്തിൽ പലപ്പോഴും അർത്ഥവത്തായി കാണുന്നുണ്ടു്. അതുവരെ ആരുടേയും ശ്രദ്ധയെ ആകർഷിക്കാതെ കിടക്കുന്ന ചില തേജഃപുഞ്ജങ്ങൾ പെട്ടെന്നു പ്രകാശിക്കുന്നതു നമുക്കു അനുഭവസിദ്ധമാണു്. ഏതൊരു ശക്തിയും അതിൻെറ ശരിയായ സ്വഭാവം കാണിക്കേണമെങ്കിൽ അതിന്നു ഒരവസരം കിട്ടണം. കഴിഞ്ഞ ലോകമഹായുദ്ധം സങ്കലിത ശക്തികളെ നിരാശയിലേക്കു് തള്ളിക്കൊണ്ടിരിക്കുമ്പോൾ, വിശ്രമമനുഭവിച്ചിരുന്ന മാർഷൽ ഫോക്കിനെ വിളിച്ചുണർത്താൻ ഫ്രഞ്ചു് സേനാധിപന്മാർക്കു തോന്നി. അദ്ദേഹത്തിൻെറ കുശാഗ്രബുദ്ധിയിൽ നിന്നുയർന്ന ചില നയോപായങ്ങളാൽ വിജയം അനായാസേന കൈവരികയും ചെയ്തു. യവനന്മാരുടെ പെരുമ്പറയടികേട്ടു, തലകുനിക്കാൻ തുനിഞ്ഞിരുന്ന ഹൈന്ദവരാജാക്കന്മാർ, ചന്ദ്രഗുപ്തമൌര്യൻെറ സമരാഹ്വാനം കേട്ടപ്പോൾ ആലസ്യംവിട്ടു് ആ മഹാൻെറ നേതൃത്വത്തിൽ ശത്രുവിനെ എതിർക്കാൻ സന്നദ്ധരായി. തിരുവിതാംകൂർ, ടിപ്പുവിന്നു് അധീനമാകുമെന്ന ഘട്ടമായപ്പോൾ, ഒരു രാജാ കേശവദാസൻ അതിനെ രക്ഷിക്കാനുണ്ടായി.


ഇങ്ങിനെ കാലത്തിനൊത്തു് പ്രയോഗചാതുര്യം പ്രത്യക്ഷമാക്കിയവരിൽ നമ്മുടെ വിൻഗേററിന്നും ഒരു മാന്യസ്ഥാനമുണ്ടു്. അദ്ദേഹത്തിൻെറ ഒരു ജീവചരിത്രം മറെറാരിടത്തു പ്രസിദ്ധപ്പെടുത്തീട്ടുള്ളതിനാൽ ഇവിടെ വിസ്തരിക്കുന്നില്ല. നേരിട്ടുവെടിവെച്ചു, ഒരു കയ്യും കണക്കുമില്ലാതെ അന്യോന്യം കൊല്ലുന്നതിന്നു പകരം, ശത്രുവിനെ "ശതകം ചൊല്ലിക്കു" എന്ന നയമായിരുന്നു ആ വീരന്നു അധികം ഇഷ്ടം. അബിസീനിയായിലാണു് 'ഗൊറില്ല' യുദ്ധത്തിൽ അദ്ദേഹത്തിന്നുള്ള അസാമാന്യപാടവം ആദ്യമായി പ്രത്യക്ഷമായതു്. സമയഭേദമൊ, രംഗഭേദമൊ കൂടാതെ, തരംകിട്ടുമ്പോൾ ശത്രുവിനെ ആക്രമിക്കുന്നതാണു് ഈ പോരിൻെറ മർമ്മം. ശത്രുക്കളുടെ പരിപാടി തെററിക്കാൻ ഇത്ര ഫലപ്രദമായ ഒരു പദ്ധതി മറെറാന്നില്ലെന്നു ആധുനികയുദ്ധമനസ്ഥിതി നമ്മെ പഠിപ്പിച്ചിട്ടുമുണ്ടു്. അതിൻെറ ആചാര്യനാണു് വിൻഗേററ്. അബിസീനിയയിൽ വിൻഗേററിന്നുണ്ടായ വിജയം, പാലസ്റ്റൈനിൽ വിപ്ലവകക്ഷികളെ അമർക്കാനായി അധികൃതന്മാർ ഉപയോഗിച്ചു. ബർമ്മാരംഗം വിൻഗേററിന്നുവേണ്ടി സൃഷ്ടിച്ചുവൊ എന്നു തോന്നുമാറു, അദ്ദേഹത്തിൻെറ ത്രിവിധകരണങ്ങളും ഉപയോഗിക്കാനുള്ള സൌകര്യങ്ങളോടുകൂടി വന്നുചേർന്നു. ശത്രുക്കൾ ബർമ്മയിൽ പല നാനാവിധങ്ങളും ചെയ്തുകൊണ്ടിരിക്കുമ്പോൾ, അവിടുത്തെ കാട്ടുകളിൽ ഒളിച്ചിരുന്നു, പല ഒളിയമ്പുകളും ഈ കാട്ടുവീരൻ അയച്ചിരുന്നുവെന്നു കുറേക്കാലത്തേക്കു് ഐക്യശക്തികൾതന്നെ അറിഞ്ഞിരുന്നുവൊ എന്നു സംശയമാണു്. ഇങ്ങിനെയൊരു മായാവി ആധുനികലോകത്തിൽ പലർക്കും പുതുമയാണു്. ബർമ്മാരംഗത്തിൽ ചെയ്യേണ്ട പ്രവർത്തനങ്ങളെപ്പററി വിൻഗേററിനെപ്പോലെ മററു സേനാധിപന്മാരാരെങ്കിലും ആലോചിച്ചിട്ടുണ്ടെന്നുതന്നെ തോന്നുന്നില്ല. വിൻഗേററിന്നറിയാത്ത ഒരു മൂലപോലും ബർമ്മയിലില്ലെന്നാണു് കേൾവി. അദ്ദേഹത്തിൻെറ സ്ഥലപരിചയം ബർമ്മായുദ്ധത്തിൽ നമുക്കൊരു വലിയ നേട്ടമായിരുന്നെന്നുള്ള സംഗതി വിസ്മരിക്കാൻ തരമില്ല. മഹാന്മാർ നശിക്കുന്നതോടുകൂടി അവർ നേടിയ വിജ്ഞാനസമ്പത്തും ലോകത്തിന്നു നഷ്ടമാകുന്നതാണു് വലിയ കഷ്ടം. പ്രതിഭയും പ്രവൃത്തിയും കൂട്ടിയിണക്കാൻ സാധിച്ചിരുന്ന ഒരു ഒന്നാന്തരം സേനാധിപനാണു് ഐക്യശക്തികൾക്കു് നഷ്ടമായിട്ടുള്ളതു്. ഈ നഷ്ടം എളുപ്പത്തിൽ പരിഹരിക്കാവുന്നതുമല്ല.

# ഒരു നോട്ടം

## ജനറൽ വിൻഗെയിററ്

ഇക്കഴിഞ്ഞ ഒരാഴ്ചയല്ല, ഒരു പക്ഷം തന്നെ എന്നു പറയാം, യുദ്ധരംഗങ്ങളിൽനിന്നു വന്ന വർത്തമാനങ്ങൾ ഐക്യകക്ഷികൾക്കു അനുകൂലമായിരുന്നില്ലെന്നു് വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. റഷ്യൻകാരുടെ തള്ളിക്കയററത്തിന്നുമാത്രം യാതൊരു പ്രതിബന്ധവും വന്നിട്ടില്ല. അതുകൊണ്ടുതന്നെ ആയിരിക്കണം അവരും ഫിൻലണ്ടുകാരും തമ്മിലുള്ള സന്ധിസംസാരത്തിന്നു് വീണ്ടും ജീവനുണ്ടായിട്ടുള്ളതു്. ഇററലിയിൽ കാസിനോ വരെ നേർത്തുചെന്ന ഐക്യസൈന്യം അവിടുന്നങ്ങോട്ടു പോകുവാൻ നിവൃത്തിയില്ലാതെയിരിക്കുന്നു. അമേരിക്കക്കാർ 'കാസിനൊ' നമ്മുക്കു പരാജയം കാണിച്ചുതന്നുവെന്നു സമ്മതിക്കതന്നെ ചെയ്തു. റഷ്യൻ കരടിയുടെ എതിർപ്പു കണ്ടു പിൻവാങ്ങിയ ജർമ്മൻ സൈന്യം ഇററലിയിൽവന്നുകൂടിയതായിരിക്കുമോ ഈ പരാജയത്തിന്നു കാരണം? അങ്ങോട്ടോ ഇങ്ങോട്ടോ ഗതി എന്നു തീർച്ചയാക്കാതെ ഇരുകൂട്ടരും അധികനില്ക്കുമെന്നു തോന്നുന്നില്ല പ്രധാന മന്ത്രിയുടെ പ്രഖ്യാപനത്തിൽ മറെറാരു സമരമുഖം ഉടനെ ആരംഭിക്കുമെന്നുള്ള സൂചന വെളിവാക്കിയിട്ടുണ്ടു്. ഇററലിയിലെ പരാജയമോ, ബർമ്മയിലെ പിൻവാങ്ങലോ, അദ്ദേഹത്തിൻെറ വിജയമനോഭാവത്തിനെ തീണ്ടിയതായി കാണുന്നില്ല. സമര സജ്ജീകരണങ്ങളുടെ പരമാർത്ഥമറിയുന്ന അദ്ദേഹത്തിനെപ്പോലുള്ള നേതാക്കന്മാരുടെ കാഴ്ച, നമുക്കു സ്വാധീനമല്ലല്ലൊ. ശത്രുക്കളുടെ ബലത്തിന്നു കോട്ടം തട്ടാൻ തുടങ്ങിയിട്ടില്ലെന്നുള്ള ഊഹത്തിന്നാണു് തല്ക്കാലം പ്രാബല്യം കാണുന്നതു്. സമരസമ്പ്രദായത്തിലും ചില വ്യത്യാസങ്ങൾ അനുഭവപ്പെട്ടിരിക്കണം. ഒരുകാലത്തു തങ്ങളുടെ രാജ്യത്തിലേക്കു ആർത്തുകയറിയ ശത്രുവിനെ റഷ്യക്കാർ ഇപ്പോളിതാ നിഷ്പ്രയാസം ഓടിക്കുന്നു. ജർമ്മൻകാരുടെ പ്രയോഗരീതി മനസ്സിലാക്കി, തക്കതായ പ്രതിവിധികൾ ചെയ്വാൻ ശീലിച്ചതായിരിക്കണമല്ലൊ റഷ്യക്കാരുടെ വിജയത്തിന്നടിസ്ഥാനമായ തത്വം. പക്ഷെ ഈ ജ്ഞാനം സിദ്ധിക്കുവാൻ അവർക്കു രണ്ടിലധികം കൊല്ലം വേണ്ടിവന്നു. അതുപോലെ ഐക്യസേനയും എതിർകക്ഷിയുടെ മർമ്മം മനസ്സിലാക്കി, അധികം താമസിക്കാതെ അടവു മാററിത്തുടങ്ങുമെന്നു് നമുക്കു അനുമാനിക്കാവുന്നതാണു്.

ബർമ്മാരംഗത്തിലെ സ്ഥിതിയും ഇപ്പോൾ കുറെ വിഷമത്തിലാണെങ്കിലും ഐക്യശക്തികൾ മുൻകരുതലുകളെല്ലാം ചെയ്തിട്ടുണ്ടെന്നു് സൈന്യാധിപൻ സാമ്രാജ്യ നിയമ സഭയിൽ ചെയ്ത പ്രസ്താവനയിൽനിന്നു് വ്യക്തമാവുന്നതുകൊണ്ടു ഭയാശങ്കകൾക്കു അടിസ്ഥാനമില്ലതന്നെ. 'കാട്ടുയുദ്ധ'മാണു് ഇപ്പോൾ അവിടെ നടക്കുന്നതു്. ഇതിനു ജയാപജയങ്ങൾ എപ്പോഴും അവ്യവസ്ഥിതമാണു്. ശത്രു ഒരു മല വിട്ടാൽ മറെറാരുമലയിൽ അഭയം പ്രാപിക്കും. കിട്ടിയതു സുരക്ഷിതമാക്കാനുള്ള സൌകര്യവും അവിടെ കുറയും. നേരിട്ടു ബലാബലംപരിക്ഷ ചെയ്വാനുള്ള അവസരവും അവിടെ കിട്ടുമെന്നു പ്രതീക്ഷിച്ചുകൂടാ. ഇതാണു് കാട്ടുപോരിൻെറ സമ്പ്രദായം. ഒളിച്ചുകളിയാണു് ഇപ്പോൾ നടക്കുന്നതു്. ഇതു കഴിഞ്ഞു ഇരുകൂട്ടരും നിന്നു് രണ്ടടി അടിച്ചാലേ ഗുണദോഷമറികയുള്ളൂ. പക്ഷെ ഈ പതനത്തിൽ കാട്ടു വീരനെന്നു് പ്രസിദ്ധിനേടിയ ജനറൽ വിൻഗെയിററിൻെറ അകാലമരണം ഓർക്കാതിരിക്കുമ്പോൾ കിട്ടിയ ഒരടിപോലെയായിട്ടുണ്ടു്.



ഒരു സോവിയററു് ബോമ്പർ ബോമ്പിടാൻ പുറപ്പെടുന്നു

# വള്ളിയൂർക്കാവ് സമരനിര ക്യാമ്പ്

## (1944 മാർച്ച് 25 മുതൽ 27-ാം തിയ്യതി വരെ)

(കെ. കുഞ്ഞിരാമൻ നായർ, താലൂക്കു പ്രോപ്പഗാണ്ടിസ്റ്റ്, വയനാട്ട്.)

വള്ളിയൂർക്കാവ് ക്ഷേത്രം വയനാട്ട താലൂക്കിൻെറ തലസ്ഥാനമായ മാനന്തവാടിയിൽനിന്ന് $1\frac{3}{4}$ നാഴിക കിഴക്ക സ്ഥിതിചെയ്യുന്നു. ഒരു പൌരാണിക ഭഗവതിക്ഷേത്രമായ ഇവിടെ കൊല്ലന്തോറും മീനമാസം 1-ാംനു മുതൽ 14-ാംനു വരെ ഉത്സവം കൊണ്ടാടാറുണ്ട്. ഇവിട്ടത്തെ ഉത്സവത്തിൻെറ പ്രാധാന്യം, ഈ പതിനാല്ല ദിവസങ്ങളിലും ഇവിടെ വന്നുചേരുന്ന എല്ലാവക്കും ഇവ ട്ടത്തെ പൊതുജനങ്ങളുടെ വകയായും, ഗവമ്മേണ്ട് ഡിപ്പാട്ട്മെണ്ട് ഉദ്യോഗസ്ഥന്മാരുടെ വകയായും, ഊട്ടുണ്ട് എന്നതാണ്. വയനാട്ട താലൂക്കിൽനിന്ന മാത്രമല്ല, മലബാറിൻെറ നാനാഭാഗങ്ങളിൽനിന്നും, മൈസൂർ, കുടക, നീലഗിരി, കോയമ്പത്തൂർ, മംഗലാപുരം എന്നീ സ്ഥലങ്ങളിൽനിന്നും, ഉത്സവം കാണുന്നതിലേക്കായും, കച്ചവടാവശ്യമായും, എത്രയോ ആയിരം ജനങ്ങൾ ഈ സ്ഥലത്തു വന്നുചേരുന്നു. ചുരുക്കത്തിൽ, ഈ കാട്ടുപ്രദേശം ഉത്സവകാലത്തു് ഒരു വലിയ പട്ടണമായിമാറുന്നു. ദേശീയ സമരനിര പ്രവത്തകന്മാർ ഇത്തരം സന്ദർഭങ്ങളെ ഒഴിച്ചുവിടാറില്ല. പ്രധാനപ്പെട്ട അവസാന മൂന്നു ദിവസങ്ങളിൽ അവർ ഇവിടെയും പ്രചരണയോഗങ്ങൾ ചേരുകയുണ്ടായി. പ്രത്യേകം കെട്ടിയുണ്ടാക്കിയതും, അവരുടെ പ്രത്യേകം പോസ്റ്ററുകളാലും മററും കമനീയമായി അലങ്കരിക്കപ്പെട്ടതും ആയ "ദേശീയ സമരനിരസമ്മേളന" പന്തൽ ഒട്ടധികം ജനങ്ങളെ അവിടേക്കാകർഷിച്ചു.

ഒന്നാം ദിവസമായ 1944 മാർച്ച് 25-ാംനുക്ക സമ്മേളനം ഉൽഘാടനം ചെയ്യുതും അന്നത്തെ യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചതും മി. എം. ആർ. രങ്കനാഥൻ, ബി.എ., ആയിരുന്നു. കണ്ണൂർ പ്രോപ്പഗാണ്ടിസ്റ്റ് ശ്രീ വി. കുഞ്ഞനന്തൻ നമ്പ്യാരും, ജില്ലാ പ്രാസംഗികൻ ശ്രീ എം. അശോകനും, "യുദ്ധസ്ഥിതി", "പ്രചരണവേലയുടെ ആവശ്യം" എന്നീ വിഷയങ്ങളെക്കുറിച്ച് യഥാക്രമം പ്രസംഗിച്ചു.

രണ്ടാം ദിവസം വയനാട്ട താലൂക്ക താസിൽദാർ മി. എം. കുഞ്ഞിക്കണ്ണക്കുറുപ്പ്, ബി.എ., സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു. ജില്ലാ പ്രാസംഗിക മിസ്സ് എം. തോമ ്, ബി.എ., എൽ.ടി., വിദ്വാൻ സി. സൂര്യനെഴുത്തച്ഛൻ എന്നിവരുടെ പ്രസംഗങ്ങളും, കവി കുട്ടമത്തിൻെറ "ഹിററ്ലർ വധം" കഥകളി, ബേബി സരോജം പാട്ടിയുടെ സംഗീതം എന്നീ വിനോദപ്രകടനങ്ങളും ജനങ്ങളെ ഒട്ടധികം സന്തോഷിപ്പിച്ചു.

അവസാനദിവസമായ 1943 മാർച്ച് 27-ാംനു ആദ്ധ്യക്ഷ്യം വഹിച്ചതു് വയനാട്ട താലൂക്ക സ്കൂൾ ഡിപ്യൂട്ടി ഇൻസ്പെക്ടർ മി. ടി. വി. അനന്തക്കുറുപ്പ് ആയിരുന്നു. ജില്ലാ പ്രാസംഗിക മിസ്സ് സ്സ് ശിവപ്രസാദ്, ജില്ലാ പ്രാസംഗികൻ ശ്രീ എം. അശോകൻ, വിദ്വാൻ സി. സൂര്യനെഴുത്തച്ഛൻ എന്നവരുടെ പ്രസംഗങ്ങൾക്കു പുറമെ, ദേശീയ സമരനിര പ്രചാരവേലക്കുവേണ്ടി ഡിസ്ട്രിക്ട് ഓർഗനൈസർ ശ്രീ റാവു ബഹദൂർ എം. കുഞ്ഞിരാമൻ നായർ അവർകൾ രചിച്ച "താസിൽദാരുടെ വിഷമത" എന്ന പ്രഹസനം ദേശീയ സമരനിര പ്രവത്തകന്മാർതന്നെ അഭിനയിക്കുകയുണ്ടായി. കവി കുട്ടമത്തിൻെറ "ഹിററ്ലർ വധം" കഥകളി മുഴമിക്കുകയും ചെയ്തു

വയനാട്ട താലൂക്ക പ്രോപ്പഗാണ്ടിസ്റ്റ് ശ്രീ കെ. കുഞ്ഞിരാമൻ നായരുടെ നന്ദിപ്രകടനത്തോടുകൂടി യോഗം രാത്രി പന്ത്രണ്ട മണിയോടുകൂടി പയ്യവസാനിച്ചു.

സ്ഥലം പഞ്ചായത്തുബോഡ് പ്രസിഡണ്ടും, ഒരു തികഞ്ഞ ദേശാഭിമാനിയും, വയനാട്ട താലൂക്ക ദേശീയ സമരനിര ഓണററി ഓർഗനൈസരും ആയ ശ്രീ ഐ. സി. വീരരാഘവലു നായഡുവിൻെറ മഹനീയമായ മേൽനോട്ടത്തിൻ കീഴിൽ നടന്ന ഈ "ഉത്സവത്തിനകത്തെ ഉത്സവം" തികച്ചും വിജയപ്രദപ്രായിരുന്നു എന്നതിന്ന മേൽപറഞ്ഞ മൂന്നു ദിവസങ്ങളിലും ആയിരക്കണക്കായി വന്നുചേന്ന പൊതുജനങ്ങൾ യോഗനടപടികളിൽ പ്രദശിപ്പിച്ച ഔത്സുക്യം ഒന്നുതന്നെ മതിയായ തെളിവാണ്.

സമ്മേളനത്തിൻെറ വിജയകരമായ നടത്തിപ്പിന്ന് റവന്യൂ ഉദ്യോഗസ്ഥന്മാർ, പോലീസ്സ് അധികൃതന്മാർ, വിദ്യാഭ്യാസ ഡിപ്പാട്ട്മെണ്ടുകാർ എന്നിവരുടെ സാഹായസഹകരണങ്ങൾ സമരനിരാപ്രവത്തകന്മാക്ക് വലിയ ആശ്വാസാവഹമായിരുന്നു.

## മഹിതമായ ധർമ്മബോധവും ആത്മത്യാഗവും

(സുബേദാർ സുബ്രഹ്മണിയത്തിന്ന സർ ഹ്യൂ ഹൂഡിൻെറ പ്രശംസ)

കാസ്സിനോരംഗത്തിൽവെച്ചു് തൻെറ പ്രാണനെ ബലികൊടുത്തു മററുള്ളവരെ രക്ഷിച്ചതായ സുബേദാർ സുബ്രഹ്മണിയത്തിനേക്കാൾ വലുതായി, ആത്മത്യാഗത്തിന്നും ധർമ്മനിഷ്ഠക്കും ഒരുദാഹരണം ഊഹിക്കുവാൻപോലും എനിക്കു കഴിയുന്നില്ല. ധർമ്മബോധത്തിന്നും, സ്വാമിഭക്തിക്കും, ആത്മത്യാഗത്തിന്നും, മദിരാശിക്കാരായ നമുക്കു മഹിതമായ ഒരു പാരമ്പയ്യമുണ്ട്. മദിരാശിപ്പട്ടാളത്തിൻെറ പൂവ്വചരിത്രവും, ആദശവും, ജീവിതലക്ഷ്യമായി കരുതേണ്ടവയാണ്.

(മദിരാശി തൊണ്ടമണ്ഡല തുളുവ വേളാള ഹൈസ്കൂളിൻെറ ഏപ്രിൽ 3-ാംനു നടന്ന 89-ാമത്തെ വാർഷികോത്സവത്തിങ്കൽ ബഹു. മദിരാശി ഗവണ്ണരുടെ അഡ്വൈസർ സർ ഹ്യൂ ഹൂഡ് പറഞ്ഞതു്.)

# മാനവസമുദായോന്മൂലനം

(എം. രത്നസ്വാമി, സി.ഐ.ഇ., വൈസ് ചാൻസലർ,
അണ്ണാമല സർവ്വകലാശാല)

വ്യക്തിഗതമായ കോപത്തിന്നും സന്തോഷത്തിന്നും അനുസരിച്ചു ജനങ്ങളെ അങ്ങോട്ടുമിങ്ങോട്ടുമിട്ടോടിക്കുന്ന ആ "നാസി ഭ്രാന്തി"ലെന്നപോലെ, മറ്റൊന്നിലുംതന്നെ, ഹിറ്റ്ലർ തന്റെ ആ നശീകരണവാസന പ്രകടിപ്പിച്ചിട്ടില്ല. ജനങ്ങളെ അങ്ങോട്ടുമിങ്ങോട്ടും അലച്ചുതിരിച്ചുകൊണ്ടിരിക്കുന്ന ആ നയത്തിലെന്നപോലെ, ഐറോപ്യ ചരിത്രാരംഭമായ ജർമ്മൻകാരുടെ യൂറോപ്പാക്രമണത്തിൽ പ്രകടിതമാകുന്ന കാട്ടുജാതീയത്വത്തിലേക്കുള്ള തന്റെ പശ്ചാദ്ഗമനവാസന, ഹിറ്റ്ലർ മറ്റൊരു സംഗതിയിലും കാണിച്ചിട്ടില്ല. മാനവസമുദായത്തെ ഉന്മൂലനം ചെയ്യുന്നതിലുള്ള മൃഗീയനയം, അത്രതന്നെ ഗൂഢമായി, മറ്റൊന്നിലും അയാൾ വ്യക്തമാക്കീട്ടുമില്ല. അയാൾ രംഗപ്രവേശം ചെയ്യുന്നതുവരെ, ഓരോ നാട്ടുകാരും ജനിച്ചുവളർന്നുവന്ന രാജ്യങ്ങളിൽ കഴിഞ്ഞുകൂടിക്കൊള്ളുവാൻ അനുവദിക്കുകയാണ് ഓരോ രാജ്യവും ഗവർമ്മെണ്ടും ചെയ്തുവന്നതു്. പരമാർത്ഥത്തിൽ, ഒരു നിശ്ചിത സ്ഥലത്തു ഉറച്ചതിന്നുശേഷമേ ഓരോ ജനതയും അതാതു രാജ്യത്തിലെ ജീവിതം നയിക്കാൻ തുടങ്ങുന്നുള്ളൂ. ആക്രമണങ്ങളുടെയോ, പുതിയ കുടിയേറിപ്പാർപ്പുകളുടെയോ മററു വല്ല ചരിത്രസംഭവങ്ങളുടെയോ ഫലമായി, വിവിധമതസ്ഥരും, വിവിധദേശസമുദായക്കാരുമായവർ, ഒരേ രാജ്യത്തു, ഒരേ ഗവർമ്മെണ്ടിൻ കീഴിൽ, യാതൊരു വിഷമവുമില്ലാതെ കഴിഞ്ഞുകൂടിവരുന്നതു പലപ്പോഴും കണ്ടുവരാറുണ്ടു്. ഒരു കൂട്ടരുടെ ഗവർമ്മെണ്ടു മറ്റൊരു കൂട്ടരെ അന്യായമായി ഭരിക്കുമ്പോൾ വിപ്ലവങ്ങൾ ഉണ്ടായിട്ടുണ്ടു്. ഈ വിപ്ലവത്തിന്റെ ഫലമായി അന്യായമായി നടത്തപ്പെട്ടിരുന്ന ഗവർമ്മെണ്ടിന്റെ മനോഭാവം രൂപീകൃതമാകുകയോ, അല്ലാത്തപക്ഷം വേറൊരു ഗവർമ്മെണ്ടുണ്ടാകുകയോ ചെയ്തിട്ടുണ്ടു്.

## ഒരു ജനത——ഒരു രാജ്യം


പക്ഷെ, പത്തൊമ്പതാം നൂററാണ്ടിൽ ഇമ്മാതിരി അസ്വസ്ഥരായ ജനങ്ങളുടെ അതൃപ്തി, "ദേശീയത്വതത്വ"ത്തിൽ പരിണമിക്കുകയും സുപ്രസിദ്ധമായി "ഒരു ജനത, ഒരു രാജ്യം" എന്നൊന്നു വ്യവസ്ഥാപിതമാകുകയും ചെയ്തു. അതായതു്, വിവിധമതസ്ഥരൊ വിവിധദേശസമുദായക്കാരൊ, വിവിധഭാഷക്കാരൊ ആയ ആളുകളാൽ ഒരു രാഷ്ട്രം സംഭൃതമാകുകയില്ലെന്നർത്ഥം. ഈ മനോഹരവും ലളിതവുമായ സിദ്ധാന്തത്തെ ഹിററ്ലരുടെ ഉപരിപ്ലവ മനസ്സു ലാക്കായിക്കരുതി. ജർമ്മൻ രാഷ്ട്രം ഒരേ ഒരു സമുദായത്താൽ സൃഷ്ടമാകണം. അതിനാൽ ജൂതന്മാരെ ഉപദ്രവിച്ചു നശിപ്പിക്കണം. ചെക്കോസ്ലോവാക്കിയയിലെ സുഡേററൻ ജർമ്മൻകാരെ അവിടന്നു തുരത്തുകയും, അവരും, അവർ അധിവസിച്ചിരുന്ന സ്ഥലവും ജർമ്മനിയിൽ ചേരുകയും വേണം. സമാധാനകാലത്തു പ്രദർശിപ്പിച്ച ഈ മനോഭാവം യുദ്ധകാലത്തു ഭയങ്കരഭാവം കാട്ടി. തന്റെ ബന്ധുവായ റഷ്യയുടെ നിർദ്ദേശമനുസരിച്ചു യുദ്ധത്തിന്റെ ആരംഭകാലങ്ങളിൽ എസ്റ്റോണിയ, ലാററിയ, ലിത്വാനിയ മുതലായ ബാൾട്ടിക്ക് രാജ്യപ്രഭുക്കന്മാരോടു, ജർമ്മനിയോടു ചേരാൻ ഹിററ്ലർ കല്പിച്ചു. ഈ ബാൾട്ടിക്ക് പ്രഭുക്കന്മാർ ജർമ്മൻകാർ തന്നെയാണെങ്കിലും, മദ്ധ്യകാലങ്ങൾക്കുശേഷം ഇന്നുവരെ അതാതു രാജ്യങ്ങളിൽ സ്ഥിരവാസമുറപ്പിച്ചിരുന്നു. അവർ, രാജ്യത്തെ അഭിവൃദ്ധിപ്പെടുത്തുകയും, അതാതു രാജ്യക്കാരുമായി സാമന്തബന്ധങ്ങളി (feudalism) ലേർപ്പെടുകയും, സാമന്ത ബന്ധ ഏർപ്പാടനുസരിച്ചു പലരെയും കീഴ്പ്പെടുത്തുകയും, സമാധാനത്തിന്നും ശ്രേയസ്സിന്നും വേണ്ടി പലതും ചെയ്യുകയും ചെയ്തു കഴിഞ്ഞിരുന്നു. എല്ലാ സാമന്തന്മാരെയുംപോലെ തന്നെ തങ്ങൾക്കും പല കുററങ്ങളും കുറവുകളുമുണ്ടായിരുന്നു എന്നതിന്നു സംശയമില്ല. പക്ഷെ, മൊത്തമായി പറയുകയാണെങ്കിൽ, അവർ അവരുടെ പൂർവ്വീകന്മാരുടെ സ്ഥലത്തു തന്നെ താമസിക്കുന്നതാണ് ന്യായം. സ്ലാവു ജനങ്ങളുമായി കഴിഞ്ഞുകൂടി സാമുദായികവും രാഷ്ട്രീയവുമായ അവരുടെ ഭാഗ്യാഭാഗ്യങ്ങളിൽ ഭാഗഭാഗികളാവാൻ അവർ ഒരുക്കമായിരുന്നു. പക്ഷെ അവരുടെ സേവനങ്ങളൊ ഉദ്ദേശങ്ങളൊ ഒന്നും ഹിററ്ലരുടെ കല്പനകളോടു എതിർക്കാൻ പര്യാപ്തമല്ലായിരുന്നു. തങ്ങളുടെ "സ്വാമി"യുടെ വിളി കേൾക്കുമ്പോൾ, ജന്മഭൂമിയും, പൈതൃകസ്വത്തുക്കളും, ഉപജീവനമാർഗ്ഗങ്ങളും, വെടിഞ്ഞു്, നൂററാണ്ടുകളായിട്ടറിഞ്ഞിട്ടില്ലാത്തതും, നൂററാണ്ടുകളായി തങ്ങളെ മറന്നിട്ടുള്ളതുമായ പിതൃഭൂമിയിലേക്കുവന്നു, ഒരു പുതിയ ജീവനമാർഗ്ഗം അവർ തേടേണ്ടിയിരുന്നു. ഇതുപോലെ മറേറതോ ഒരു ലാഭോദ്ദേശത്തോടെ ഇററാലിയൻ ടെൻറിനോവിലെ ജർമ്മൻകാരെ അവിടന്നു ആട്ടിപ്പായിക്കുകയും ടയറോളിയക്കു തങ്ങളുടെ രാജ്യം ഉപേക്ഷിക്കേണ്ടിവരികയും ചെയ്തിട്ടുണ്ടു്.

## പോളണ്ടിനോടു കാണിച്ച ക്രൂരത

തനിക്കു കിഴക്കൻ പ്രദേശങ്ങളിൽ അടിക്കടി ലഭിച്ചിരുന്ന വിജയങ്ങളാൽ, തന്റെ ഈ ഉന്മൂലന നയം ഗൂഢമായും പരിപൂർണ്ണമായും പാലിച്ചുകൊണ്ടുപോകുന്നതിന്നു് ഹിററ്ലർക്കു സാധിച്ചു. 1939 ലെ പോളണ്ടാക്രമണം, ഹിററ്ലരുടെ "ജർമ്മനീകരണ" നയത്തെ എന്നും എതിർത്തുനിന്നിരുന്ന പോളിഷുകാരുടെ മേൽ തനിക്കുള്ള വൈരനിര്യാതനം നടത്തുന്നതിന്നു് ഒരവസരം നൽകി. പോളണ്ടു കൈയേററതിന്റെ ആദ്യത്തെ രണ്ടു കൊല്ലംകൊണ്ടു് ഏകദേശം പതിനഞ്ചു ലക്ഷത്തോളം പോളണ്ടുകാരെ അവരുടെ ഗൃഹങ്ങളിൽനിന്നോടിക്കുകയും, താൻ "ഗവർണർ ജനറൽഷിപ്പ്" എന്ന പേരിൽ സൃഷ്ടിച്ച പോളണ്ടു പ്രദേശത്തേക്കു അയക്കുകയും ചെയ്തു. പോളണ്ടിന്റെ തുറമുഖമായ ഗിഡ്നിയയോടുള്ള പെരുമാററം എടുത്തു പറയേണ്ടതില്ല.

കേവലം ഒരു കുഗ്രാമമായിരുന്ന ഗിഡ്നിയായെ, ഒരു തലമുറക്കാലംകൊണ്ടു, അവർ, ഒരു ലക്ഷം ജനങ്ങൾ വസിക്കുന്നതും, ഏററുമതിയ്ക്കും ഇറക്കുമതിയ്ക്കും തക്ക സകല വാണിജ്യസൌകര്യങ്ങളുമുള്ളതും, സമൃദ്ധവുമായ ഒരു തുറമുഖമാക്കിത്തീർത്തു. ഒരൊററ മണിക്കൂർ നേരത്തെ മുന്നറിയിപ്പുകൊണ്ടു ഓരോ തെരുവുകളിലുമുള്ള വീടുകളിൽനിന്നും, വേണമെങ്കിൽ ഒരു ചെറിയ പെട്ടിമാത്രം എടുത്തുകൊണ്ടു, ബാക്കി സകല ഗൃഹസാമാനങ്ങളും വെടിഞ്ഞിട്ടു, അവിടത്തെ ആളുകൾ ഇറങ്ങിപ്പോകുന്ന ദയനീയ സംഭവത്തെപ്പററി നാം കേട്ടിട്ടുണ്ടല്ലൊ. വൃദ്ധന്മാരും, വൃദ്ധമാരും, കുട്ടികളുമെല്ലാം ഒരു നിരത്തിൽകൂടി ആട്ടിപ്പായിക്കപ്പെട്ടു. ചെറുപ്പക്കാരെല്ലാം തടവിലാക്കപ്പെടുകയോ, കൊല്ലപ്പെടുകയോ കഴിഞ്ഞിരുന്നു. രോഗികളും, ക്ഷീണിതരുമായവർ വഴിയിൽ വീണുപോയാൽ, അവരെ ഗാർഡുകൾ ഓടയിലേക്കു ഉന്തിയിട്ടുകളഞ്ഞിരുന്നു. അതിന്നുശേഷം, അവരിൽ അറുപതു പേരെ വീതം മാട്ടുവണ്ടികളിൽ കെട്ടി അവിടത്തെ മഞ്ഞുകാലം മുഴുവൻ ഓടിച്ചിരുന്നു. ഈ ഭയങ്കരയാത്രയിൽ നൂറനൂറായി ആളുകൾ മരിച്ചുപോയി. ഒരു തീവണ്ടിയിൽനിന്നു മഞ്ഞിൽ മരിച്ചു മരവിച്ച 30 ശിശുശരീരങ്ങളെ കണ്ടെടുത്തപ്പോൾ ജർമ്മൻ പട്ടാളക്കാർപോലും അമ്പരന്നുപോയി. പശ്ചിമ പോളണ്ടിൽ പ്രത്യേകിച്ചും, ഒരു പോളണ്ടുകാരനെങ്കിലും ഉണ്ടായിരിക്കാൻ പാടില്ലെന്നാണ് ഹിററ്ലരുടെ ഇംഗിതം.

(തുടരും)



ആർ.എ എഫ്. കാരുടെ പുതിയ 12,000 റാത്തൽ തൂക്കമുള്ള ബോമ്പ്. ശത്രുനാശത്തിന്നു യൂറോപ്പിലുപയോഗിച്ചുവരുന്നതാണിതു്. പിന്നിൽ കാണുന്നതു് ഒരു ലാങ്കാസ്റ്റർ ബോംബറാണ്

# മുങ്ങാത്ത വിമാന വാഹി

## ഓസ്‌വാൾഡ് ഡച്ച്

ഈ യുദ്ധം കൊണ്ടു്, ചില സംഖ്യകൾ അവയിലന്തർഭവിച്ച സംഘടന, പരിശ്രമം, സഹകരണം എന്നിവയെപ്പററി ആലോചിക്കാതെ വിശ്വസിപ്പാൻ നാം പഠിച്ചിട്ടുണ്ടു്. ഉദാഹരണമായി 1,500 വിമാന സംഘം (800 ബോംബർ, 700 ഫൈററർ) ഫ്രാങ്ക്ഫോർട്ടിനെ ആക്രമിച്ചുവെന്നു് വായിക്കയുണ്ടായി. ഈ വിമാനങ്ങളെല്ലാം ഒരേ താവളത്തിൽനിന്നു വന്നതാണെന്നു് ആരും വിചാരിക്കയുണ്ടായില്ല. ഒരു വിമാനത്താവളത്തിലും, അവ എത്രതന്നെ വലുതായാലും, ഇത്രയധികം വിമാനങ്ങൾ നിർത്തുവാൻ സ്ഥലമുണ്ടാവുന്നതുമല്ല.

1,000-ഓ 1,200-ഓ കനത്ത ബോംബറുകളോ ഫൈററുകളോ ഒരു സ്ഥലത്തേക്കു് ആക്രമണത്തിനു പുറപ്പെടുമ്പോൾ, 40-ഓ 50-ഓ താവളങ്ങളിൽനിന്നാണ് ഇരുപതു, മുപ്പതു മിനിട്ടുകൾ നില്ക്കുന്ന ഏകോപിച്ച ആക്രമണത്തിനു അവയെ കൂട്ടിച്ചേർക്കുന്നതു്. അങ്ങിനെ വമ്പിച്ച വിമാനസംഘങ്ങൾ രാവും പകലും, ചിലപ്പോൾ 72 മണിക്കൂർ നേരെത്തേക്കു, ഇടവിടാതെ അയച്ചുകൊണ്ടിരിക്കുന്ന 'മുങ്ങാത്ത വിമാനവാഹി' യെന്നു പലപ്പോഴും വിളിക്കാറുള്ള ഇംഗ്ലണ്ടിൽ എത്ര വിമാനത്താവളങ്ങൾ ഉണ്ടായിരിക്കുമെന്നു് ഊഹിക്കാവുന്നതാണു്.

### ഒന്നിച്ചുള്ള ആക്രമണം

ടൈംസ് പത്രം വലിയ വിമാനാക്രമണസംഘം സജ്ജീകരിക്കാവുന്ന 400 വിമാനത്താവളങ്ങൾ ഇംഗ്ലണ്ടിലുണ്ടെന്നു് പ്രസ്താവിക്കയുണ്ടായി. ഇതിന്റെ അർത്ഥം വേണമെങ്കിൽ ഒന്നിച്ചാക്രമിക്കാനുള്ള എട്ടു സംഘം ഒരേ സമയത്തു ഗ്രെയ്റ്റ് ബ്രിട്ടനിൽനിന്നു സജ്ജീകരിക്കാമെന്നാണു്. അതിനു പുറമെ, അതിലും പ്രധാനമായിക്കരുതേണ്ടതു്, യുദ്ധാനന്തരം വിമാനം വഴിയായുള്ള പലവിധ ഗതാഗതസൌകര്യങ്ങൾക്കും, ആധുനിക രീതിയിലുള്ള അനവധി ഇറക്കത്താവളങ്ങളുള്ളതുകൊണ്ടു, ബ്രിട്ടൻ തെയ്യാറായിരിക്കുമെന്നുള്ളതാണു്.

ഒരു കണക്കിനു് വിമാനത്താവളങ്ങൾ ഉണ്ടാക്കുന്നതു് വിസ്തൃതമായ നിരത്തു വെട്ടുന്നതിന്നു തുല്യമാണു്. അധികൃതന്മാർ പരസ്യപ്പെടുത്തിയ രേഖയിൽനിന്നു, കോൺക്രീററികൊണ്ടും മററും തീർത്തിട്ടുള്ള താവളങ്ങളുടെ നാനാമുഖങ്ങൾ 160,000,000 ചതുരശ്രവാര ചുററളവുണ്ടെന്നു് കാണാവുന്നതാണു്. അതായതു, 7½ മീററർ വീതിയുള്ള നിരത്തു് 9,000 നാഴിക നീളത്തിലുണ്ടാക്കുന്നതിന്നുള്ള സ്ഥലം. ഇതെല്ലാം യുദ്ധകാലത്തു 615,000,000 പവൻ ചിലവു ചെയ്തു ഉണ്ടാക്കിയതാണു്. ഇതിൽ 80 ശതമാനം സ്ഥലം രാജകീയവിമാന സേന (R.A.F.) ക്കുള്ളതാണു്. ബാക്കി 20 ശതമാനം അമേരിക്കൻ വിമാന സേനക്കുള്ളതാണു്. ഈ താവളങ്ങളുടെ ചുററളവു അത്യധികം വിപുലമാണു്. ഓരോ താവളത്തിന്റെയും ചുററളവു് 2, 2½ ചതുരശ്ര നാഴികയാണു്. ഇവക്കു ചുററും 8 കില്ലൊമീററർ നീളവും 15 മീററർ വീതിയും ഉള്ളതും, കോൺക്രീററ് കൊണ്ടു പണിചെയ്തിട്ടുള്ളതും ആയ ഒരു പാതയുണ്ടു്. ഇതിൽ 1800, 1,150 മീററർ നീളമുള്ള ബഹിർഗ്ഗമനമാർഗ്ഗങ്ങളുൾപ്പെടും. 2,700 മീററർ നീളവും 90 മീററർ വീതിയുമുള്ള ബഹിർഗ്ഗമനമാർഗ്ഗങ്ങളുള്ള താവളങ്ങളുമുണ്ടു്.

### സജ്ജീകരണം

വിമാനശാസ്ത്രത്തിന്റെ ഇപ്പോഴത്തെ സ്ഥിതിക്കു, വലിയ പാതകളുണ്ടാക്കാനായി കോൺക്രീററ് കൊണ്ടു പടുത്തുകെട്ടാനായി നിലം ഇടിച്ചു പരത്തിയതുകൊണ്ടു് മതിയാവുന്നതല്ല. തൊണ്ടലുകൾ (Hangers), നിരീക്ഷണസ്ഥങ്ങൾ (Observation Posts), ഗ്രഹസ്ഥിതിനിർണ്ണയസ്ഥലങ്ങൾ (Meterological stations), വൈമാനിക വാസസ്ഥലങ്ങൾ (Barracks), ഭക്ഷണശാല (Canteens) എന്നിവയും അതിലുണ്ടാക്കണം. വലിയ വലിപ്പത്തിലും എട്ടപ്പകളോടു കൂടിയവയുമായി 1,000,000 ഓളം താവളങ്ങൾ ബ്രിട്ടനിലുണ്ടു്. ഇവയുണ്ടാക്കാൻ 18,000,000 ക്യൂബിക്കടി മരവും 100,000 ടൺ ഉരുക്കും, ഇരിമ്പും അതിനടുത്ത മററു സാധനങ്ങളും ആവശ്യമുണ്ടു്.

ബ്രിട്ടിഷ് യന്ത്രശാലകൾ 336,000 മൈൽ കേബിളും 7,000 വൈദ്യുതവികരണയന്ത്രവും (transformers) ഉണ്ടാക്കിയിട്ടുണ്ടു്. 30,000,000 ടണ്ണിൽ കുറയാതെ മററു സാധനങ്ങളും ഉണ്ടാക്കീട്ടുണ്ടു്. ഈ സാധനങ്ങളിൽ കുറെയെല്ലാം ലണ്ടനിലും മററു പട്ടണങ്ങളിലും നിന്നും കുറെയെല്ലാം ബോംബിട്ടു പൊളിച്ച വീട്ടുകളിൽനിന്നും ശേഖരിച്ചിട്ടുള്ളതാണു്. അങ്ങിനെ അവയെക്കൊണ്ടും ഉപകാരമുണ്ടായി.


ഇത്രയധികം വിമാനത്തടവളങ്ങളുള്ളതുകൊണ്ടു് ആകസ്മികമായ ഒരു വിമാനാക്രമണം സാദ്ധ്യമല്ലെന്നായിരിക്കുന്നു. ജർമ്മൻകാർക്കു ഏകോപിച്ച ആക്രമണങ്ങൾക്കുള്ള സാമഗ്രികളുണ്ടെങ്കിൽ തന്നെ, ഒന്നോ രണ്ടോ വിമാനത്താവളങ്ങൾ നശിപ്പിക്കുവാൻ സാധിക്കുമെന്നല്ലാതെ, ബ്രിട്ടന്റെയും അമേരിക്കയുടേയും വിമാനസൈന്യത്തിന്റെ ആക്രമണശക്തിയെ കുറക്കുവാൻ കഴിയുന്നതല്ല. യൂറോപ്പിലിറങ്ങുന്ന ആക്രമണ സേനയുടെ വൈമാനിക രക്ഷ തടയാനായി ജർമ്മൻകാർ താവളങ്ങൾ ആക്രമിക്കുന്നതായാൽ, ഈ പരമാർത്ഥത്തിന്റെ ഗൌരവം വെളിവാകുന്നതാണു്. ഒന്നു രണ്ടു കൊല്ലം മുമ്പെ ആ പ്രയോഗം ഏതാണ്ടു് ഫലിക്കുമായിരുന്നു. എന്നാൽ ഇന്നാകട്ടെ 'മുങ്ങാത്ത വിമാനവാഹി' അതിന്റെ ആക്രമണശക്തിയെ ഒരു വിധത്തിലും കുറയ്ക്കുവാൻ കഴിയാത്തവണ്ണം അത്ര പ്രബലമാക്കിത്തീർത്തിട്ടുണ്ടു്.



കാസ്സിനോ സന്യാസിയാശ്രമത്തിൽ ബോംബിടുന്നതു്. ദൂരത്തുനിന്നു നോക്കുമ്പോൾ ഒരു മലമുകളിലുള്ള ഈ ആശ്രമം കാണാം.



ജപ്പാൻകാരോടെതിർത്ത ഈ വൈമാനിക പടയാളി അനവധി ശത്രുക്കളെ വധിച്ചു തന്റെ തോക്കും ധരിച്ചു നിൽക്കുന്നു




ഇന്ത്യൻ വൈമാനികന്മാർ ലഘുഭക്ഷണം കഴിച്ചുകൊണ്ടിരിക്കുന്നു



ഇടത്തു—ആർജെൻറിനിൽനിന്നു വന്ന ഒരു വൈമാനിക പ്രമാണിയാണ്. ലോകത്തിലേക്കു വെച്ചു പൊക്കംകൂടിയ ആളാണ്. അദ്ദേഹത്തിന്റെ പൊക്കം 6 അടി_ 7½ ഇഞ്ചാണ്.

വലത്തു—ബർമ്മാരംഗത്തു യുദ്ധംചെയ്യുന്ന ഒരു വൈമാനികൻ. പതിവിന്നെതിരായി, പ്രത്യേകാനുമതി വാങ്ങി, തന്റെ മുഖം കാണാൻ സഹിക്കായ്കയാൽ, അദ്ദേഹം താടി വളർത്തിയിരിക്കുകയാണ്.





ബർമ്മാരംഗത്തിൽ ജപ്പാൻകാരോടു നേരിട്ട വൈമാനികന്മാരുടെ ഒരു സംഘം



പത്രപ്രവർത്തകന്മാർക്കായി നടത്തിയ പ്രദർശനത്തിൽ ഭാഗഭാക്കുകളായ വൈമാനികരും അവരുടെ നേതാവും

# പാലാട്ടു കോമൻ

[ഡാക്റ്റർ ചേലനാട്ടു് അച്യുതമേനോൻ, പിഎച്ച്.ഡി. (ലണ്ടൻ)]

(ഒരു പുരാതന കേരളീയ യോദ്ധാവിൻെറ ചരിത്രാംശം)

(തുടർച്ച)

## രംഗം VI

(തൊണ്ണൂറാം വീട്ടു)

ഉണ്ണി: (ആത്മഗതം) ഈശ്വരാ! അദ്ദേഹം ആപത്തൊന്നും കൂടാതെ അവിടെ എത്തിച്ചേരണേ.

ഉണ്ണിച്ചിരുത: (പിന്നിൽ ഒരു കത്തി ഒളിച്ചുപിടിച്ചുകൊണ്ടു് പ്രവേശിച്ചു്.) ഇന്നെന്താ അമ്മായി ചമഞ്ഞു് വടക്കേർത്തു കൂടിയിരിക്കുന്നതു് ?

ഉണ്ണി: ഞാനൊന്നും ചമഞ്ഞിട്ടില്ല.

ഉണ്ണിച്ചിരുത: ഏതാണ്ടൊക്കെ ചമയാൻ തുടങ്ങിട്ടുണ്ടു്. അല്ലെങ്കിൽ കിടക്കുന്ന മുറിയിൽ ഇത്ര നാനാവിധം കാണുമോ ? ജ്യേഷ്ഠന്മാരിങ്ങോട്ടു വരട്ടെ. കളി കുറച്ചു കവിഞ്ഞുപോയി.

ഉണ്ണി: എൻെറ കളി ഇന്നതാണെന്നറിഞ്ഞെങ്കിൽ ഇത്ര ചോദിക്കാനുണ്ടോ ?

ഉണ്ണിച്ചിരുത: ചോദിക്കാനുണ്ടോ വേണ്ടയോ എന്നു ഞാൻ ഉടനെ തീർച്ചപ്പെടുത്തിത്തരാം. നിലയും വിലയും നോക്കീട്ടുവേണം കളിയ്ക്കാൻ. മൂത്തവർ അറിയാതെ ഓരോ വാസനക്കേടുകൾ തുടങ്ങിയാൽ ഇങ്ങിനെയിരിക്കും.

ഉണ്ണി: നിലയും വിലയും നോക്കാതെ ഞാനൊന്നും ചെയ്തിട്ടില്ല. ജ്യേഷ്ഠത്തി എന്തിനാ ഇത്ര വെളിച്ചപ്പെടുന്നതു് ?

ഉണ്ണിച്ചിരുത: തറവാട്ടിൻെറ മാനം കളഞ്ഞുകളിക്കാൻ പെൺകിടാങ്ങൾ തുടങ്ങിയാൽ ബാക്കിയുള്ളവർ അതും കണ്ടു ഇരിയ്ക്കേ ?

ഉണ്ണി: എന്തിനാ വെറുതെ അനാവശ്യങ്ങൾ പറയുന്നതു് ? ജ്യേഷ്ഠത്തി ഇന്നു് ഇടത്തുപുറം തിരിഞ്ഞിട്ടേ എണീററതു് ?

ഉണ്ണിച്ചിരുത: ആവശ്യമോ അനാവശ്യമോ എന്നു തീർച്ചയാക്കാൻ മററുള്ളവർക്കും അധികാരമുണ്ടോ എന്നു നോക്കട്ടെ. (കത്തി കാണിച്ചു്) ഇതിപ്പോൾ നിൻെറ കിടക്കയുടെ ചോട്ടിൽ നിന്നു് കിട്ടിയതാണു്. ഇതാരുടെയാണു ?

ഉണ്ണി: ആവോ ?

ഉണ്ണിച്ചിരുത: നിശ്ചയമില്ല അല്ലേ ? ഞാൻ ഇതാരുടെതാണെന്നു് കൊല്ലനെ കണ്ടു് ചോദിച്ചാണു് വരുന്നതു്. കാണിച്ചുതരാം. ആങ്ങളമാർ വരട്ടെ. കണ്ടോളൂ. (ഉണ്ണി തലതാഴ്ത്തിക്കൊണ്ടുപോകുന്നു.) (ആത്മഗതം) അമ്പടി കേമി, അതുപററില്ല. ഇന്നലെ ഞാൻ നോക്കിക്കൊണ്ടു നില്ക്കുന്നു പാലാട്ടെ പടിക്കൽനിന്നു ആ വിദ്വാൻ കുളത്തിലേക്കു പോകുന്നതു്. എന്നിട്ടു് അയാൾ അവിടെ ചെന്നിട്ടില്ല എന്നല്ലെ അവൾ ആങ്ങളമാരോടു പറഞ്ഞതു്? അവൾ വല്യ നേരസ്ഥയും ഞാൻ കള്ളത്തിയും. ഓ, യോഗ്യനായിട്ടു ഒരു ഭർത്താവിനെ കിട്ടിയ്വാലത്തെ ഒരു ഭാവമാണു് അവൾക്കിപ്പോൾ ഉള്ളതു്, കാണിച്ചുകൊടുക്കാം. (കുറുപ്പന്മാർ പ്രവേശിക്കുന്നു. അവരോടായിട്ടു്) തറവാട്ടിൻെറ മാനം രക്ഷിച്ചുപോരേണ്ട ഭാരം ആണുങ്ങൾക്കും പെണ്ണുങ്ങൾക്കും ഒരുപോലെയാണു്. എന്നാലും ശ്രദ്ധവെക്കേണ്ടതു് പെണ്ണുങ്ങളാണെന്നാണു് എൻെറ അമ്മയുംമററും എനിക്കു പറഞ്ഞുതന്നിട്ടുള്ളതു്. (കത്തി കാണിച്ചുകൊണ്ടു്) ഇതു് ഇന്നു് ഉണ്ണിയുടെ കിടപ്പറയിൽനിന്നു് കിട്ടിയതാണു്.

മൂത്ത കുറുപ്പു്: ഉണ്ണിയുടേയോ ?

ഉണ്ണിച്ചിരുത: അതെ, ഉണ്ണിയുടെതന്നെയാണു്. അവൾ പരമാർത്ഥം പറയുമോ എന്നറിയാനായി ഞാൻ രണ്ടുമൂന്നു ദിവസം കാത്തു. അതിന്നു ഭാവമില്ലെന്നു മാത്രമല്ല എന്നോടു കയക്കാനും തുടങ്ങിയിരിക്കുന്നു. ഇനി എനിക്കു മറച്ചുവെക്കാൻ തരമില്ല.

മൂത്തകുറുപ്പു്: ഇതൊരു നമ്പിക്കത്തിയാണെന്നു് കണ്ടാലറിയാമല്ലൊ. ഇത്തരത്തിലുള്ള നാലു് കത്തിയേ ഈ നാട്ടിലേക്കുള്ളു. അതിലൊന്നു് ഇവിടേക്കും ഉണ്ടു്. ബാക്കിയുള്ളതു് ഒന്നു് നാടുവാഴിക്കും, പിന്നൊന്നു് പാലാട്ടേക്കും, മററൊന്നു് വള്ളുവപ്പലയനും ആണു്.

ഉണ്ണിച്ചിരുത: നാടുവാഴി നിങ്ങളാരും അറിയാതെ ഇവിടെ വരുവാൻ തരമില്ലല്ലോ. പാലാട്ടുള്ളവർ ഇവിടെ വരുന്നുണ്ടെങ്കിൽ പിന്നെ കനലിൽ എറുമ്പരിക്കുന്നതു പതിവാകും. "ചളിയിൽ അടിച്ചാൽ നീളെത്തെറിക്കുമേലോ" എന്നു ഭയന്നു ഞാൻ ഇന്നു കൊല്ലനെ കണ്ടു ചോദിച്ചപ്പോൾ ഇതു് വള്ളുവപ്പലയൻെറ കത്തിയാണെന്നു് അവൻ തീർച്ചയായി പറഞ്ഞു. ഈ സംഗതികളെല്ലാം ഉണ്ണിയുടെ നടപടിയെപ്പററി സംശയമുണ്ടെന്നു ഊഹിക്കുവാൻ കാരണം ജനിപ്പിക്കുന്നുണ്ടു. അതുകൊണ്ടു് അവളെ വിളിച്ചു് ഒന്നു ചോദിക്കണം. പരമാർത്ഥം അങ്ങിനെയാണെങ്കിൽ പിന്നെ വേണ്ടതെന്താണെന്നു് നിങ്ങൾക്കൊക്കെ അറിയാം. ഈ തറവാട്ടിൻെറ കേളി പൊങ്ങീട്ടു് വളരെ കാലമായി. ഇതുവരെ ഇങ്ങിനെ ഒരവമാനം ഇവിടേക്കു വന്നിട്ടില്ല

മൂത്ത കുറുപ്പു്: ഉണ്ണിയെ വിളിച്ചുകൊണ്ടു വാ. (ഉണ്ണി പ്രവേശിക്കുന്നു) എടീ കുരുത്തം കെട്ടവളേ! നീ ഈ തറവാടു തീണ്ടിപ്പൊട്ടിച്ചു ഇല്ലേ ? കാരണവന്മാരുണ്ടാക്കിയ പേരും പെരുമയും നിലനിത്താൻ കഴിയില്ലെങ്കിൽ അതിന്നു ചളി വാരിയെറിയാതെ ഇരിക്കുകയെങ്കിലും അരുതേ. അസത്തേ! മണ്ണും ചാണകവും അറിയാത്ത വസ്തു. കുറച്ചു കാലമായി നാട്യവും നിലയും ഒക്കെ മാറിക്കാണാൻ തുടങ്ങീട്ടു്. അപ്പോൾ വിചാരിച്ചിട്ടുണ്ടു് നല്ല വഴിക്കല്ല എന്നു്—പക്ഷെ വീടു് അശുദ്ധമാക്കും എന്നു് കരുതുകയുണ്ടായില്ല. (രണ്ടാമത്തെ കുറുപ്പിനോടായിട്ടു്) അനുജാ! ഇവളൊന്നും പറയാൻ ഭാവമില്ലെങ്കിൽ നിന്നനിലക്കുതന്നെ കഥ കഴിച്ചുകള.

ഇളയ കുറുപ്പു്: ഒന്നുരണ്ടു ദിവസങ്ങൾമുമ്പെ നമ്മളൊക്കെ ഇവിടെയിരിക്കുമ്പോൾ, അവൾ വാഴത്തോട്ടത്തിലേക്കോരോട്ടമോടുകയും, വിളക്കു തട്ടിമറിക്കയും ഒക്കെ ഉണ്ടായി. എനിക്കു് അപ്പോൾതന്നെ ചില സംശയം ജനിച്ചു. ചോദിച്ചപ്പോൾ, ചുണ്ടുവാലിയെ സന്ധ്യക്കു കണ്ടില്ലെന്നു പറഞ്ഞു. പിന്നെ ആ വഴിക്കു മടങ്ങിവരുമ്പോൾ കാൽപ്പെരുമാററം ജാസ്തി കേട്ടപ്പോഴും നാം സംശയിച്ചു ചോദിച്ചപ്പോൾ വിളക്കെണ്ണ വഴുക്കി വീഴാതിരിപ്പാൻ കരുതി നടക്കയാണെന്നു മറുപടി പറഞ്ഞു. അതും സംശയിക്കത്തക്കതാണു്. അന്നു മുറുക്കാൻ അടക്ക കൊണ്ടുവരുവാൻ താമസിച്ചപ്പോൾ ഞാൻ മുകളിൽ പോയപ്പോൾ ചുരികത്തഴമ്പുള്ള ഒരു കയ്യാണു് എനിക്കു അടക്ക തന്നതു്. എൻെറ സംശയം വെളിവാക്കിയപ്പോൾ, എഴുത്താണി പിടിച്ചു എഴുതാറുള്ളതുകൊണ്ടു് അങ്ങിനെ തഴമ്പു പററിയതാണെന്നു പറഞ്ഞു. പാലാട്ടെ തുളസിവെററിലപോലേയുള്ള വെററില ഇവൾ കൊണ്ടുവന്നതിലും നമുക്കു സംശയം ജനിക്കാതിരുന്നില്ല. പാലാട്ടെ കൊങ്കിയമ്മ വെററില വിൽക്കാൻ തുടങ്ങിയെന്നു അപ്പോൾ അവൾ നമുക്കു സംശയനിവൃത്തി വരുത്തി. ഇതെല്ലാം യോജിപ്പിച്ചു നോക്കുമ്പോൾ ഇവളെപ്പററി സംശയത്തിന്നു വകാശമുണ്ടു്.

മൂത്ത കുറുപ്പു്: എന്താ നിനക്കു വല്ലതും പറയാനുണ്ടോ ?

ഉണ്ണി: തറവാട്ടിലേക്കു അവമാനം വരത്തക്കവണ്ണം ഞാനൊന്നും ചെയ്തിട്ടില്ല.

മൂത്ത കുറുപ്പു്: (ദേഷ്യപ്പെട്ടു്) ഈ കത്തി നിനക്കു് എവിടെനിന്നു് കിട്ടി, പറ.

ഉണ്ണി: എൻെറ പരമാർത്ഥം ഈശ്വരനറിയാം.

മൂത്ത കുറുപ്പു: (ദേഷ്യം സഹിക്കാൻ കഴിയാതെ വടി ഓങ്ങി) ഇതും ഈശ്വരനറിയട്ടെ.

ഇളയ കുറുപ്പു്: (കാരണവരെ വിലക്കി) ജ്യേഷ്ഠാ, ഒരപരാധിക്കുള്ള പരിഭ്രമം ഇവൾക്കു് കാണുന്നില്ല. എന്തോ ഒരു സംഗതി, പരമാർത്ഥം പറയുന്നതിന്നു അവളെ വിലക്കുന്നുണ്ടായിരിക്കണം. പിന്നെ അവൾക്കു ചെറുപ്പമല്ലെ ? തല മറന്നു എണ്ണ തേക്കുന്ന സമ്പ്രദായം ഇതുവരെ അവളിൽ കണ്ടിട്ടില്ല. അതുകൊണ്ടു സാഹസമൊന്നും ചെയ്യരുതു്. ഏതെങ്കിലും അവൾ തൊട്ടുകൂടാതെ ഇരിക്കയല്ലേ ? കുളി കഴിയട്ടെ.

മൂത്ത കുറുപ്പു്: എന്താ നീ അവൾക്കു സഹായം നില്ക്കുന്നുണ്ടോ ?

ഇളയ കുറുപ്പു്: സോദരിയായ അവളെ സഹായിക്കേണ്ടതു് നമ്മുടെ എല്ലാവരുടേയും കടമയല്ലേ ?

ഉണ്ണിച്ചിരുത: എനിക്കെന്താ അവളോടു വല്ല പകയും ഉണ്ടോ ?

മൂത്തകുറുപ്പു്: എനിക്കു് ഈ മറിമായങ്ങളൊന്നും മനസ്സിലാവുന്നില്ല. ഇവൾ മൂന്നു ദിവസം ഇവിടെ നില്ക്കട്ടെ. ജലപാനം കൊടുക്കരുതു്

(ഉണ്ണിയും ഇളയ കുറുപ്പും ഒഴികെ എല്ലാവരും പോകുന്നു.)

ഇളയ കുറുപ്പ്: സത്യാവസ്ഥ എന്താണെങ്കിലും പറയാം. വിരോധമില്ല. നിവൃത്തിമാർഗ്ഗം ഉണ്ടാക്കാം.

ഉണ്ണി: കാലംകൊണ്ട് നിങ്ങളെല്ലാം താനെ അറിയും. ഇപ്പോൾ ഞാൻ പറഞ്ഞാൽ ആരും വിശ്വസിക്കില്ല. (ഇളയ കുറുപ്പും പോകുന്നു. വേലത്തി കാളി പ്രവേശിക്കുന്നു)

വേലത്തി: എന്തുപററി തമ്പിരാട്ടി?

ഉണ്ണി: ഇനി ഒന്നും പറവാനില്ല. നീ ഒരു ഓലയും എഴുത്താണിയും കൊണ്ടുവന്നു തരുമോ? എന്നാൽ വലിയ ഉപകാരം.

വേലത്തി: എന്തിനാ തമ്പിരാട്ടി. അടിയൻ ചിലതൊക്കെ കേട്ടു. അതുകൊണ്ടു ചോദിക്കാണ്.

ഉണ്ണി: ഇന്നാള് കളത്തിലേക്കു വന്നയാളെ നീ കണ്ടിട്ടില്ലെ. ഞാനും അദ്ദേഹവുമായി ലോക്യമാണെന്നറിഞ്ഞു ആങ്ങളമാർ എന്നെ കൊല്ലാൻ തീർച്ചയാക്കിയിരിക്കുന്നു.

വേല: തമ്പിരാട്ടി, ഇതിനൊക്കെ ആരെങ്കിലും കൊല്ലാൻ പറയോ? അങ്ങിനെയാണെങ്കിൽ പത്തു പതിനെട്ടാവുമ്പോഴേക്കു എത്ര പെണ്ണുങ്ങളു ചാവണം.

ഉണ്ണി: ചേച്ചി ആങ്ങളമാരോടു ഒരു നുണ പറഞ്ഞിട്ടുണ്ട്. എന്റെ മുറിയിൽ നിന്നു ഒരു കത്തികിട്ടി. അതു പുലയന്റേതാണെന്നാണ് പറഞ്ഞുകൊടുത്തിരിക്കുന്നതു്.

വേല: അപ്പോ തമ്പിരാട്ടിക്കു തുറന്നു പറയാന്നില്ലെ.

ഉണ്ണി: അതിന്നു് അദ്ദേഹത്തിന്റെ സമ്മതം വേണം. ഈ സംഗതിയൊന്നും അദ്ദേഹം അറിഞ്ഞിട്ടില്ല. വിവരം അറിയിക്കാനാണ് ഒരോല വേണമെന്നു പറഞ്ഞതു്.

വേലത്തി: അതു ശരിയാണ്. വേഗം അറിയിക്കണം. അടിയനിപ്പോൾ കൊണ്ടുവരാം. (വേലത്തി പോകുന്നു)

ഉണ്ണി: (ആത്മഗതം) വിവരം ഏതായാലും അവിടെ അറിയിക്കണം. എഴുത്തു ആരുടെ വഴിയാണ് എത്തിക്കേണ്ടതു? കാളിയുടെ കയ്യിൽ തന്നെ കൊടുത്തയച്ചാലോ? വേണ്ട, എന്റെ തത്തമ്മയുണ്ടല്ലൊ.

(കട്ടൻ.)

## രംഗം VII

(പാലാട്ടുവീട്. കൊങ്കിയമ്മ അരികൊഴിക്കുന്നു. ഒരു തത്ത ഒരോലക്കുണ്ണും അവിടെ കൊണ്ടു ചെന്നിടുന്നു.)

കൊങ്കിയമ്മ: (എഴുത്തുകണ്ടു) ഇതെന്താതു്? ഒരെഴുത്തോ? (നോക്കിവായിക്കുന്നു.)

ശ്രീ

പിരിഞ്ഞതിന്നു ശേഷമുണ്ടായ വർത്തമാനങ്ങൾ അവിടെ അറിഞ്ഞിട്ടുണ്ടോ ആവോ? ജ്യേഷ്ഠത്തിയുടെ നുണകേട്ടു് എനിക്കു അപരാധദോഷമുണ്ടെന്നു ജ്യേഷ്ഠൻ തീർച്ചയാക്കിയിരിക്കുന്നു. "(ഇതാരുടെയാ എഴുത്തു്?" ഒടുവിൽ നോക്കി, "ഉണ്ണിയുടെയൊ, കോമനായിരിക്കാം)" പുകഞ്ഞകൊള്ളി പുറത്തെന്ന ന്യായം അനുസരിച്ചു അവർ എനിക്കു വധശിക്ഷയും വിധിച്ചിരിക്കുന്നു. ഈശ്വരാനുഗ്രഹം കൊണ്ട് എന്റെ ആയുസ്സു രണ്ടു ദിവസം കൂടി നീട്ടിത്തന്നിട്ടുണ്ട്. അതുകൊണ്ട് സംഗതികൾ ഇങ്ങിനെ അറിയിക്കാനവസരം കിട്ടി. അല്ലെങ്കിൽ ഇഹലോകത്തിൽ നമ്മുടെ സമാഗമം അന്നത്തേതോടുകൂടി അവസാനിപ്പിക്കേണ്ടിവരുമായിരുന്നു. ലോകത്തിനോടു യാത്ര പറയുന്നതിന്നു മുമ്പായി ഒന്നു കൂടി കണ്ടാൽ കൊള്ളാമെന്നുണ്ട്. അതിന്നെനിക്കു ഭാഗ്യമുണ്ടോ ആവോ.

എന്നു ഉണ്ണി.

(കോമൻ കിടക്കുന്ന മുറിയിലേക്കു പരിഭ്രമിച്ചു ചെല്ലുന്നു.) കോമാ, നീ ഇത്ര കഥയില്ലാത്തവനായോ? ആരാന്റെ പെണ്ണുങ്ങളെ കൊല്ലിക്കാനാണോ നിന്റെ പുറപ്പാടു്! ആ പാവപ്പെട്ട പെണ്ണിന്നു കൂടി നീ അനർത്ഥം ഉണ്ടാക്കിയല്ലോ. നിന്റെ നടവടി ദോഷം കൊണ്ടു മററൊരു ജീവനും കൂടി നഷ്ടമായി പോകേണമെന്നുണ്ടോ? ഇതൊക്കെ കാണാനും കേൾക്കാനുമാണോ ഈശ്വരാ ഞാനിത്രകാലം ജീവിച്ചിരുന്നതു? (എഴുത്തു കൊടുക്കുന്നു.)

കോമൻ: (എഴുത്തു വായിച്ചു്) അമ്മെ! അമ്മയിൽനിന്നു മറച്ചുവെക്കേണ്ട കാര്യം ഒന്നും എനിക്കില്ല. ഞാൻ ഉണ്ണിയോടു കൂടി ഉറങ്ങിയതു തെററാണെങ്കിൽ എന്റെ തെററു പൊറുക്കണം. കുററം ഞാൻ സമ്മതിക്കുമെന്നല്ലാതെ ഉണ്ണിയെ ഉപേക്ഷിക്കുവാൻ ഞാൻ തെയ്യാറില്ല. കുടിപ്പകയുള്ള വീട്ടിലെ അംഗമായാലും ശരി എന്റെ പ്രേമം അവളിൽ സമർപ്പിച്ചുപോയി. അതുകൊണ്ടു വരുന്ന അനർത്ഥങ്ങൾ എന്തായാലും സഹിക്കുവാൻ ഞങ്ങൾ രണ്ടു പേരും ഒരുങ്ങുന്നതാണ്. അമ്മ അതു കൊണ്ടു ഒന്നും മറുത്തുപറയരുതു്. ഞങ്ങളെ അനുഗ്രഹിക്കുകയും വേണം. ഒന്നു വേണ്ടതു് ഇഷ്ടമുള്ളതാകട്ടെ. അതിന്നു മററുള്ളവർ എന്തിനാണ് പരിഭവിക്കുന്നതു്? എന്റെ മനസ്സു് എന്നു അങ്ങോട്ടു പോയോ, അന്നു മുതല്ക്കു ഉണ്ണി അമ്മയുടെ മകളായി കഴിഞ്ഞിരിക്കുന്നു. മകളെപ്പോലെ അവളെ രക്ഷിക്കേണ്ടതു അമ്മയുടെ മുറയാണ്. ഒന്നുകിൽ കുടിപ്പകതീരും. അല്ലെങ്കിൽ തൊണ്ണൂറാം വീട്ടിൽ ഉണ്ണി മാത്രം ശേഷിക്കും. (കോമൻ അമ്മയെ സാഷ്ടാംഗം നമസ്കരിച്ചു, കാലു തൊട്ടു തലയിൽ വെക്കുന്നു. കൊങ്കി അമ്മ മകനെ പിടിച്ചു എഴുന്നേൽപ്പിച്ചു രണ്ടു കൈകൊണ്ടും അനുഗ്രഹിക്കുന്നു. എന്നിട്ടു തൊണ്ടയിടറിക്കൊണ്ടു പറയുന്നു.)

കൊങ്കിയമ്മ: മകനെ! ഞാൻ ഒരിക്കലും നിന്റെ ഇഷ്ടത്തിന്നു വിപരീതമായി നില്ക്കയില്ല. നീ ഉടനെ നിന്റെ അമ്മാമനെ പോയി കാണണം. അദ്ദേഹം പിണങ്ങിയിരിക്കുകയാണെന്ന് അറിയുന്നതുകൊണ്ടാണ് ഈ കുറുപ്പന്മാർ ഇത്രത്തോളം ധിക്കാരം കാണിക്കുന്നതു്. നീ അദ്ദേഹത്തെ കണ്ടു് എനിക്കു വേണ്ടി മാപ്പു ചോദിച്ചതിന്നു ശേഷം കാര്യത്തിന്റെ പരമാർത്ഥമെല്ലാം ധരിപ്പിക്കണം. തച്ചോളി ഒതേനൻ എന്നു കേട്ടാൽ ഇന്നു ഭയഭക്തിയോടു കൂടി കൈകൂപ്പാത്തവർ ആരുമില്ല. അദ്ദേഹത്തിന്റെ ഉപദേശപ്രകാരമേ ഇനിമേലിൽ നീ ഇക്കാര്യത്തിൽ വല്ലതും പ്രവർത്തിക്കാവൂ. അദ്ദേഹം നിനക്കു പിന്തുണയുണ്ടെന്നു കുറുപ്പന്മാർ അറിഞ്ഞാൽ ഒരു സമയം കലഹം കൂടാതെ കാര്യം തീരാനും വഴിയുണ്ട്.

കോമൻ: ഇന്നു എപ്പോഴെങ്കിലും ഉണ്ണിയെ ഒന്നു കാണണം. ഒരു സമയം, രാത്രിയേ സാധിച്ചുള്ളു എന്നു വരാം. നാളെ എങ്ങിനെയായാലും അമ്മാമനെ കാണാൻ പോകാം. പക്ഷെ, ഉണ്ണിയെ വല്ലവിധത്തിലും സമാധാനിപ്പിക്കേണ്ട ഭാരം അമ്മ ഏല്ക്കണം.

കൊങ്കിയമ്മ: അതു ഞാൻ എങ്ങിനെയെങ്കിലും സാധിച്ചോളാം. കുട്ടി പോയി അമ്മാമനെ കണ്ടുവരൂ.

(കട്ടൻ)

(തുടരും)

## എച്ച്. പി. പി.

കച്ചവടക്കാരൻ വില്ക്കാൻ കൂട്ടാക്കുന്നില്ലെങ്കിൽ

നിയമപ്രകാരം പ്രത്യേകം നിയന്ത്രണം ചെയ്തിട്ടുള്ള ഏതെങ്കിലും സാധനങ്ങൾ—ഭക്ഷണസാധനങ്ങളൊഴികെ—ഒരു കച്ചവടക്കാരൻ വിൽക്കാൻ കൂട്ടാക്കുന്നില്ലെങ്കിൽ, 1943 ലെ സംഭരണാതിലാഭനിരോധനകല്പനയുടെ 9-ാം വകുപ്പുപ്രകാരം അവൻ ശിക്ഷാർഹനാണ്. അങ്ങിനെയുള്ള കുററങ്ങളെപ്പററി ഉൾനാട്ടിലെ കമ്മേർഷ്യൽ ടാക്സ് ആപ്പീസർക്കും, മദിരാശി പട്ടണത്തിലെ സിവിൽ സപ്ലൈ കമ്മീഷണർക്കും അറിവു കൊടുക്കുക.

ഓർമ്മിക്കുക. ഈ കല്പന വിജയമാകേണമെങ്കിൽ ഓരോരുത്തരും ഓരോ ഇൻസ്പെക്ടരെപ്പോലെ പ്രവൃത്തിക്കണം.

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.